

VOL NO: 06 I ISSUE 37
www.nerpatham.com
mail@nerpatham.com
2022 SEPTEMBER 10 I ₹10

# നേർപഥം

വാരിക


## തെരുവുനായ്ക്കളുടെ സ്വന്തം കേരളം

നുരഞ്ഞ് പതഞ്ഞ് ആഘോഷിച്ച് തിമിർക്കുന്ന ലഹരിയെ വകഞ്ഞുമാറ്റി ഉന്മാദത്തിന്റെ ഉച്ചസ്ഥായിയിൽനിന്ന് സ്വബോധത്തെ താഴേക്കെറിഞ്ഞ് നിശ്ശേഷമാക്കുന്ന ലഹരിയുടെ കൊലയാളി വകഭേദത്തിലേക്ക് നാട് നടന്നുനീങ്ങുകയാണ്. പെണ്ണിനെ ആണിന്റെ വസ്ത്രം ധരിപ്പിക്കാനും ഇടയിലും മടിയിലുമിരുത്തി സ്വാതന്ത്ര്യമാഘോഷിക്കാനും മുറവിളി കൂട്ടിയവർ വരുംതലമുറയുടെ പേരിൽ നിലവിളിക്കേണ്ടി വരുമെന്ന് തീർച്ച!

# മക്കളെ മയക്കുന്ന ലഹരി മാഫിയ

|| പേമാരിയുടെ കാണാപ്പുറങ്ങൾ
|| ആരാധന അല്ലാഹുവിന്ന് മാത്രം
|| പുതപ്പിനുള്ളിൽനിന്ന് ഹൃദയങ്ങളിലേക്ക്

# പുറത്തിറങ്ങി...




WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0294
# നേർപഥം
വാരിക

2022 സെപ്തംബർ 10
1444 സ്വഫർ 13
പുസ്തകം 06 / ലക്കം 37




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




**05**
മുഖമൊഴി
തെരുവുനായ്ക്കളുടെ സ്വന്തം കേരളം

**06**
ലേഖനം
പുതപ്പിനുള്ളിൽനിന്ന് ഹൃദയങ്ങളിലേക്ക്
അബ്ദുൽ മാലിക് സലഫി

**09**
ലേഖനം
പുലരുമെന്നുറപ്പുള്ള സ്വപ്നം
നസീമ വാടാനപ്പള്ളി

**18**
ലേഖനം
പേമാരിയുടെ കാണാപ്പുറങ്ങൾ
ഡോ. ടി. കെ യൂസുഫ്

**23**
മധുരം ജീവിതം
ആരാധന അല്ലാഹുവിന്ന് മാത്രം
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

**24**
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

**25**
ആരോഗ്യപഥം
ഓട്ടിസം; ലക്ഷണങ്ങളും കാരണങ്ങളും
ഡോ. മുനവ്വർ

**26**
പുനർവായന
അല്ലാഹു എത്ര പരിശുദ്ധൻ
ഡോ. എം. ഉസ്മാൻ

**31**
ക്വുർആൻ ദർശനം
അൽജാസിയ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**34**
കവിത
പൂവും മുള്ളും
സ്വലാഹുദ്ദീൻ ഇബ്നു സലീം

# പാരതന്ത്ര്യത്തിലെ സ്വാതന്ത്ര്യം!

അറിവിന്റെയും അഭിവൃദ്ധിയുടെയും ഉച്ചകോടിയിലാണിന്നു മനുഷ്യരെന്ന് നാം അഹങ്കരിക്കുന്നു. എന്നാൽ ലോകത്തിന്റെ ധാർമികരംഗത്തുള്ള പരിതാപകരമായ അവസ്ഥകൾ നമ്മെ വല്ലാതെ നിരാശരാക്കുന്നുണ്ട്, പേടിപ്പെടുത്തുണ്ട്. പ്രതീക്ഷ നൽകേണ്ടുന്ന പ്രസരിപ്പിന്റെ യുവത്വം കാട്ടിക്കൂട്ടുന്ന തോന്നിവാസങ്ങൾ മനംമടുപ്പിക്കുന്നതാണ്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ എന്നു നാം വിധിയെഴുതിയ സദാചാരവിരുദ്ധ പ്രവർത്തനങ്ങൾ നമ്മുടെ മക്കൾ പഠിക്കുന്ന കലാലയ വരാന്തകളിൽ അവകാശവാദമായി ഉയർന്നു വരുന്നു. സ്വവർഗരതിയെയും അതിനപ്പുറത്തെ തെമ്മാടിത്തരങ്ങളെയും സ്വാഭാവിക പ്രവർത്തനങ്ങളായി കാണാനും അതിനുള്ള സ്വാതന്ത്ര്യം ലഭിക്കാനുമാണവർ ശബ്ദമുയർത്തുന്നത്!

പ്രകൃതിവിരുദ്ധവും അസാന്മാർഗികവുമായ ഏത് പ്രവർത്തനങ്ങളെയും സർവസാധാരണമാക്കാൻ പണിയെടുക്കുന്ന യുവതലമുറ എന്തു സന്ദേശമാണ് ലോകത്തിനു നൽകുന്നത്? കൊള്ളരുതായ്മകൾക്കു വേണ്ടി ഒരുവിഭാഗം ശബ്ദമുയർത്തുമ്പോൾ ഒന്നും മിണ്ടാതെ മാറിനിൽക്കേണ്ടവരാണോ മുസ്‌ലിംകൾ?

സമൂഹത്തിൽനിന്ന് ധാർമികമൂല്യങ്ങൾ വിനഷ്ടമായിക്കൊണ്ടിരിക്കുമ്പോൾ നാം മൗനം പാലിച്ചുകൂടാ. മുസ്‌ലിം സ്ത്രീ-പുരുഷന്മാർ തങ്ങളുടെതായ പങ്ക് മൂല്യശോഷണത്തിനെതിരായ പ്രവർത്തനത്തിൽ വഹിക്കേണ്ടതുണ്ട്.

ജെൻഡർ ന്യൂട്രാലിറ്റിയടക്കം ഏതൊരു വിഷയം ഉയർന്നുവരുമ്പോഴും ഇസ്‌ലാം അതിലേക്ക് വലിച്ചിഴക്കപ്പെടുന്നതും 'ആറാം നൂറ്റാണ്ടിന്റെ അന്ധകാരം' ചർച്ചാവിഷയമാകുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു. 'പർദയുടെയും അസ്വാതന്ത്ര്യത്തിന്റെയും തടവറയിൽ കഴിയുന്ന' മുസ്‌ലിം സ്ത്രീയുടെ കണ്ണുനീർ കണ്ട് പലർക്കും ഉറക്കം വരുന്നില്ല! ഇത്തരം ദുരാരോപണങ്ങളെ പ്രതിരോധിക്കേണ്ടത് മുസ്‌ലിം സ്ത്രീകൾ തന്നെയാണ്. ഞങ്ങൾ ഇസ്‌ലാമിന്റെ തണലിൽ സുരക്ഷിതരാണെന്നും സമാധാനതിന്റെയും സ്വാതന്ത്ര്യത്തിന്റെയും ശുദ്ധവായുവാണ് ഇസ്‌ലാമിലൂടെ ഞങ്ങൾക്ക് ലഭിക്കുന്നതെന്നും ഞങ്ങൾക്കു വേണ്ടി ആരും മുതലക്കണ്ണീരൊഴുക്കേണ്ടെന്നും ഉറക്കെ പ്രഖ്യാപിക്കാൻ മുസ്‌ലിം സ്ത്രീകൾക്ക് സാധ്യമാകണം.

ഭരണഘടന നൽകുന്ന മൗലികാവകാശങ്ങളെ ഹനിച്ചുകൊണ്ടുള്ള നിയമങ്ങൾ കൊണ്ടുവരാനുള്ള കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങളുടെ ശ്രമങ്ങളെയും നാം കാണാതിരുന്നുകൂടാ. സമത്വം, നീതി എന്നൊക്കെയുള്ള പദങ്ങളാൽ പ്രലോഭിപ്പിച്ചുകൊണ്ട് ഹിഡൻ അജണ്ടകളോടെ ഒരു നിയമം കൊണ്ടുവരുമ്പോൾ അത് തിരിച്ചറിയാൻ നമുക്ക് സാധിക്കണം.

ലിംഗ നീതിയും അവസര സമത്വവും ഉണ്ടാവണം എന്നതിലും അതിനെപ്പറ്റിയുള്ള അവബോധം കുട്ടികളിലടക്കം ഉണ്ടാകേണ്ടതുണ്ട് എന്നതിലും ആർക്കും സംശയമുണ്ടാകാനിടയില്ല. എന്നാൽ ആൺ-പെൺ വേർതിരിവ് എവിടെയും കാണിക്കേണ്ടെന്നും അവർ സർവതന്ത്ര സ്വതന്ത്രരായി ഇഷ്ടം പോലെ ഇടകലർന്ന് പാറിപ്പറന്ന് ജീവിച്ചോട്ടെ എന്നുമുള്ള തലതരിഞ്ഞ ചിന്താഗതിയിലേക്ക് കുട്ടികളെ നയിക്കാതിരിക്കുക. അത് സർവനാശത്തിലേക്ക് നയിക്കലാണ്.

ആണും പെണ്ണും ഒരേ വസ്ത്രം ധരിക്കട്ടെ, ഒരേ ബെഞ്ചിലിരിക്കട്ടെ എന്ന തീരുമാനം വാസ്തവത്തിൽ സ്വാതന്ത്ര്യം നൽകലാണോ? അവരവർക്ക് കംഫർട്ട് ആയ വസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യം ഹനിക്കപ്പെടുകയല്ലേ അതിലൂടെ സംഭവിക്കുന്നത്? മതം അനുശാസിക്കുന്ന വസ്ത്രധാരണരീതി സ്വീകരിക്കുന്നതിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നവരും സ്വാതന്ത്ര്യം എന്നതിന്റെ അതിര് മനസ്സിലാക്കിയ തിരിച്ചറിവും ഉള്ള ഒരു ന്യൂ ജനറേഷൻ വളർന്നു വരുന്നുണ്ടെന്ന വസ്തുത സ്വതന്ത്രവാദികൾ മനസ്സിലാക്കുക. ഇസ്‌ലാം നൽകുന്ന സ്വാതന്ത്ര്യവും സുരക്ഷിതത്വവും അതിന്റെ മഹത്ത്വവും കുട്ടികളും രക്ഷിതാക്കളും തിരിച്ചറിയേണ്ടതുണ്ട്.

**-നദ നസീർ എസ്. കെ, കരുവാരകുണ്ട്**

# തെരുവുനായ്ക്കളുടെ സ്വന്തം കേരളം

എല്ലാ ജീവികളുടെ ജീവനും വിലപ്പെട്ടതാണ്. അന്യായമായി ഒന്നിനെയും ഉപദ്രവിച്ചുകൂടാ. മനുഷ്യരോടും ഇതര ജന്തുജാലങ്ങളോടുമെല്ലാം കരുണ കാണിക്കൽ മനുഷ്യത്വത്തിന്റെ ഭാഗമാണ്. എന്നാൽ എല്ലാറ്റിനെക്കാളും വിലപ്പെട്ടത് മനുഷ്യജീവനാണ്. ഇടുക്കി മാങ്കുളം ചിക്കണംകുടി ആദിവാസി കോളനിയിലെ ഗോപാലൻ എന്ന വ്യക്തി തന്റെ മേൽ ചാടിവീണ് ആക്രമിച്ച പുലിയെ ജീവൻമരണ പോരാട്ടത്തിനൊടുവിൽ വാക്കത്തികൊണ്ട് വെട്ടിക്കൊന്നതും സ്വയരക്ഷക്കാണ് പുലിയെ കൊന്നത് എന്നതിനാൽ ഇയാൾക്കെതിരെ കേസെടുക്കില്ലെന്നും ചികത്സ സഹായം നൽകുമെന്നും വനംവകുപ്പ് അധികൃതർ പറഞ്ഞതും ഇതിനുള്ള തെളിവാണ്.

എന്നാൽ പലപ്പോഴും മനുഷ്യരുടെ സുരക്ഷിതത്വത്തെക്കാൾ മൃഗങ്ങളുടെ സുരക്ഷിതത്വത്തിന് പ്രാധാന്യം നൽകുന്ന ദയനീയാവസ്ഥ കണ്ടുവരുന്നു. മനുഷ്യർ കൊത്തിനുറുക്കപ്പെടുന്ന സംഭവങ്ങളിൽ പ്രതികരിക്കാത്തവർ ഒരു തെരുവുനായയോ പാമ്പോ മറ്റോ മനുഷ്യനാൽ കൊല്ലപ്പെട്ടാൽ ശക്തമായി പ്രതിഷേധിക്കുന്നു. ഈ അടുത്തകാലത്തായി തെരുനായ്ക്കളുടെ ആക്രമണത്തിന് എത്രയോ ആളുകൾ വിധേയരായിടുണ്ട്. പേയിളകിയ നായ്ക്കളും അല്ലാത്തവയും കടിച്ചവയുടെ കൂട്ടത്തിലുണ്ട്. പത്തും പതിനഞ്ചും അംഗങ്ങളുള്ള നായ്ക്കളുടെ സംഘം കൂട്ടത്തോടെ കടിച്ചു കീറാൻ വരുന്ന രംഗം ഒന്ന് ആലോചിച്ചുനോക്കുക. അതിരാവിലെ മദ്റസയിലേക്ക് പോകുന്ന കുട്ടികൾ, നടക്കാനിറങ്ങുന്നവർ, വൈകുന്നേരം സ്കൂൾ വിട്ട് മടങ്ങിവരുന്ന കുട്ടികൾ പോലുള്ളവരാണ് കൂടുതലായും നായ്ക്കളുടെ ആക്രമണത്തിന് ഇരകളാകുന്നത്. മനുഷ്യരെ കടിച്ചുകീറുന്നത് തെരുവുനായ്ക്കൾ മാത്രമല്ല; വളർത്തുനായ്ക്കളും അക്കൂട്ടത്തിലുണ്ട്. വല്ലാതെ ചർച്ചാവിഷയമാകുമ്പോൾ ഏതെങ്കിലും തദ്ദേശ സ്ഥാപനം നാലു നായ്ക്കളെ പിടിച്ച് വന്ധ്യംകരണം ചെയ്യും. അതോടെ തങ്ങളുടെ കടമ നിർവഹിച്ചതായി അവർ സായൂജ്യമടയും. നായ്ക്കൾ ആക്രമണം തുടരുകയും ചെയ്യും. ശാശ്വതമായ പരിഹാരമാർഗമെന്തെന്ന് സർക്കാർ ആലോചിക്കുന്നേയില്ല.

കടിയേറ്റുകഴിഞ്ഞാൽ പേവിഷബാധക്കുള്ള കുത്തിവെപ്പ് നിർബന്ധമാണ്. എന്നാൽ ഇപ്പോൾ കേരളത്തിൽ ലഭ്യമായ വാക്സിന്റെ ഗുണനിലവാരം സംശയത്തിന്റെ നിഴലിലാണ്. വാക്സിനെടുത്ത പലരും പേയിളകി മരണപ്പെട്ട സംഭവം അരങ്ങേറിക്കൊണ്ടിരിക്കുകയാണ്.

പേവിഷബാധക്കെതിരായ വാക്സിനെടുത്ത പത്തനംതിട്ടയിലെ 12 വയസ്സുകാരിക്ക് പേവിഷ ലക്ഷണങ്ങൾ സ്ഥിരീകരിച്ചതോടെ വാക്സിൻ സംബന്ധിച്ച സംശയങ്ങൾ വീണ്ടും ബലപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്ത് പേവിഷ പ്രതിരോധ വാക്സിനും ഇമ്യൂണോഗ്ലോബുലിനും പരാജയപ്പെടുന്ന ഈ വർഷത്തെ അഞ്ചാമത്തെ സംഭവമാണിത്. ഇതുവരെ 20 പേവിഷ മരണങ്ങൾ ഉണ്ടായിട്ടും കൃത്യമായ ഡെത്ത് ഓഡിറ്റിങ് നടന്നിട്ടില്ല. കഴിഞ്ഞ മാസം 13ന് പാൽ വാങ്ങാൻ പോകുമ്പോഴാണ് കുട്ടിയുടെ മുഖത്തും ഇടതുകണ്ണിനും കടിയേറ്റത്. കുട്ടിയെ ഉടൻ പത്തനംതിട്ട ജില്ല ആശുപത്രിയിൽ എത്തിക്കുകയും പേവിഷ ബാധക്കുള്ള കുത്തിവെപ്പ് നൽകുകയും ചെയ്തിരുന്നു. പേവിഷബാധയുടെ ലക്ഷണമുള്ള കുട്ടിയുടെ കണ്ണിന് അണുബാധയുണ്ടാകുകയും അത് തലച്ചോറിനെ ബാധിക്കുകയും ചെയ്തിട്ടുണ്ട്.

മരിച്ച പകുതിയിലേറെപേരും വാക്സിനെടുത്തിരുന്നുവെന്നാണ് വിവരമെങ്കിലും ആരോഗ്യവകുപ്പ് സ്ഥിരീകരിക്കാൻ കൂട്ടാക്കിയിട്ടില്ല. എന്നാൽ വാക്സിൻ പരാജയപ്പെട്ട നാലു സംഭവങ്ങൾ ഈ വർഷം ഉണ്ടായതായി ആരോഗ്യമന്ത്രി നിയമസഭയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശരിയായ ഗുണനിലവാരമുള്ള വാക്സിനും ഇമ്യൂണോ ഗ്ലോബുലിനുമാണോ സംസ്ഥാനത്ത് നൽകുന്നത്, ശരിയായ രീതിയിലും താപനിലയിലുമാണോ ഈ വാക്സിനുകൾ സൂക്ഷിക്കപ്പെടുന്നത്, ശരിയായ രീതിയിലാണോ ഇത് കുത്തിവെക്കുന്നത് എന്നീ ചോദ്യങ്ങൾക്ക് അടിയന്തരമായി ഉത്തരം കാണണമെന്ന വിദഗ്ധരുടെ ആവശ്യം സർക്കാർ മുഖവിലക്കെടുക്കേണ്ടതുണ്ട്.

# പുതപ്പിനുള്ളിൽനിന്ന് ഹൃദയങ്ങളിലേക്ക്



അബ്ദുൽ മാലിക് സലഫി
: 96565 30656

ഹിറായിൽനിന്ന് കിട്ടിയ പ്രഥമ വഹ്‌യിന്റെ ഭയത്തിൽനിന്ന് തിരുനബി(സ്വ) മോചിതനായിട്ടില്ല. അവിടുന്ന് വീട്ടിലാണ്. ഭാര്യ ഖദീജ(റ) കൂടെയുണ്ട്. എന്താണ് യഥാർഥത്തിൽ കഴിഞ്ഞ രാത്രി സംഭവിച്ചത് എന്നതിൽ ഒരു വ്യക്തത ആവശ്യമുണ്ട്. ഖദീജ(റ)യുടെ ചിന്തകൾ മക്കയുടെ നാലുഭാഗത്തേക്കും അശ്വവേഗത്തിൽ പാഞ്ഞു; ഈ സംഭവത്തെക്കുറിച്ച് ആരോട് അന്വേഷിക്കും?

ഉണ്ട്. ഒരാൾ ഉണ്ട്; തന്റെ പിതൃവ്യപുത്രൻ വറകതു ബിൻ നൗഫൽ! വിഗ്രഹാരാധനയോട് മുമ്പേ വിരോധം കാണിക്കുന്നയാളാണ്, വിഗ്രഹങ്ങൾക്കുവേണ്ടി അറുക്കപ്പെട്ടത് ഭക്ഷിക്കാത്ത വ്യക്തിയാണ്. ഹിബ്രു, അറബി ഭാഷകളിൽ നല്ല നൈപുണ്യവും ഉണ്ട്. ഇപ്പോൾ പ്രായമായി വീട്ടിൽത്തന്നെയാണ്. ഒരുകാലത്ത് തൗഹീദിന്റെ വെളിച്ചം തേടി നിരവധി യാത്രകൾ നടത്തിയിരുന്നു. അദ്ദേഹവും സൈദ് ബിൻ അംറും കൂടി ശാമിലേക്ക് നടത്തിയ ഒരു യാത്ര വലിയ വഴിത്തിരിവാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ സൃഷ്ടിച്ചത്. അവിടെനിന്നാണ് വേദക്കാരെ പരിചയപ്പെടുന്നതും വേദം പഠിക്കുന്നതും ശുദ്ധക്രിസ്ത്യാനിയാവുന്നതും. ഈസാ നബി(അ)യുടെ മതം കലർപ്പില്ലാതെ ആചരിച്ച് ജീവിക്കുകയാണിപ്പോൾ.

അദ്ദേഹത്തിന്റെ കൂടെ ശാമിലേക്ക് പോയ സൈദ് ബിൻ അംറ്

മില്ലത്തു ഇബ്റാഹീമിൽ അടിയുറച്ച് നിന്ന് മക്കയിലെ അനാചാരങ്ങൾക്കെതിരെ ശബ്ദിച്ച ഒരു വ്യക്തിയായിരുന്നു. അതിനാൽ മക്കക്കാർക്കിടയിൽ അനഭിമതനായിരുന്നു അദ്ദേഹം. ഒരു പ്രവാചകന്റെ വരവ് അടുത്ത് സംഭവിക്കും എന്ന് അദ്ദേഹത്തിന് അറിവുണ്ടായിരുന്നു. വരാനിരിക്കുന്ന പ്രവാചകനിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു എന്ന് അദ്ദേഹം പരസ്യമായി പറയാറുമുണ്ടായിരുന്നു. പക്ഷേ, പ്രവാചക നിയോഗത്തിന്റെ അഞ്ചു വർഷം മുമ്പ് അദ്ദേഹം മരിച്ചു! (ബുഖാരി: 3826, 3827 ഹദീസുകൾ കാണുക).

ശരി, ഏതായലും വറകയുടെ അരികിൽ ചെന്നുനോക്കാം. അദ്ദേഹത്തോട് കാര്യങ്ങൾ പറയാം. അദ്ദേഹം മക്കയിലുണ്ടല്ലോ.

ഖദീജ(റ) തന്റെ പ്രിയതമനെയും കൂട്ടി വറകത് ബിൻ നൗഫലിന്റെ അരികിലേക്ക് ചെന്നു. തന്റെ ഭർത്താവിന്റെ കാര്യത്തിൽ ഒരു ഭാര്യയുടെ ഇടപെടൽ എത്ര മാതൃകാപരം! ഖദീജ(റ)യുടെ പിതൃവ്യപുത്രൻ കൂടിയാണ് വറകത് ബിൻ നൗഫൽ.

‘പ്രിയ പിതൃവ്യപുത്രാ! നിങ്ങളുടെ സഹോദര പുത്രനെ നിങ്ങളൊന്നു കേൾക്കൂ!’

നബി(സ്വ)യുടെ പിതൃപരമ്പരയും വറകയുടെ പിതൃപരമ്പരയും കുസയ്യിബ് ബിൻ കിലാബിൽ ഒന്നിക്കുന്നുണ്ട്. ആ അർഥത്തിൽ വറകയുടെ സഹോദരപുത്രനാണ് നബി(സ്വ). അക്കാര്യം ഓർമപ്പെടുത്തിയാണ് ഖദീജ(റ) സംസാരം തുടങ്ങിയത്. അവരുടെ ബുദ്ധികൂർമതയും തന്റേടവും പ്രകടമാക്കുന്ന ഇടപെടലാണിത്. തന്റെ കുടുംബത്തിൽ പെട്ടവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ എല്ലാവർക്കും ഉണ്ടാകുമല്ലോ. അത് തികച്ചും പ്രകൃതിപരവുമാണ്.




നബി(സ്വ) തനിക്കുണ്ടായ അനുഭവങ്ങൾ വിശദമായി വിവരിച്ചു. എല്ലാം സാകൂതം ശ്രദ്ധിച്ച ശേഷം വറകത് ബിൻ നൗഫൽ പറഞ്ഞു: ‘ഇത് മൂസാ(അ)യുടെ അടുക്കൽ വന്ന ‘നാമൂസ്’ തന്നെയാണല്ലോ. നിങ്ങളുടെ പ്രബോധന കാലത്ത് എനിക്കൊരു ചെറിയ മൃഗം ഉണ്ടായിരുന്നെങ്കിൽ! നിങ്ങളുടെ സമൂഹം നിങ്ങളെ നാട്ടിൽനിന്ന് പുറത്താക്കുമ്പോൾ ഞാൻ ജീവിച്ചിരുന്നെങ്കിൽ!’

‘എന്റെ ജനത എന്നെ നാട്ടിൽ നിന്ന് പുറത്താക്കുമെന്നോ?!’

‘അതെ.’

‘നിങ്ങൾ കൊണ്ടുവന്നതു പോലെയുള്ള സന്ദേശങ്ങളുമായി വന്നവരൊക്കെ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. ആ ദിനങ്ങളിൽ ഞാനുണ്ടെങ്കിൽ താങ്കളെ ഞാൻ ശക്തമായി പിന്തുണക്കും, തീർച്ച!’

പ്രായം ഏറെ ചെന്നിട്ടും സത്യത്തെ സഹായിക്കാനുള്ള തന്റെ ആഗ്രഹത്തിന് യുവത്വത്തിന്റെ ഊർജമുണ്ടെന്ന് അദ്ദേഹം തെളിയിച്ചു. നബി(സ്വ)യുടെ നുബുവ്വത്തിനെ ആദ്യമായി തിരിച്ചറിഞ്ഞ് സ്വീകരിച്ച വ്യക്തിയും അദ്ദേഹമായി മാറി! പക്ഷേ, താമസംവിനാ അദ്ദേഹം ഇഹലോക വാസം വെടിഞ്ഞു.

താനൊരു പ്രവാചകനായി തിരഞ്ഞെടുക്കപ്പെട്ടുവെന്നും, പ്രവാചകന്മാരുടെ അടുക്കൽ ദിവ്യ സന്ദേശവുമായി വരാറുള്ള ജിബ്രീലാ(അ)ണ് തന്റെ അടുത്ത്

**പ്രവാചകത്വം ആഗ്രഹിച്ച വ്യക്തിയായിരുന്നു അദ്ദേഹം, അതിനു വേണ്ടിയാണ് ഹിറായിൽ പോയിരുന്നത് എന്നതാണ് ചിലരുടെ ആരോപണം. എങ്കിൽ എന്തിനാണ് അവിടുന്ന് ഭയന്നോടിയത്? തുള്ളിച്ചാടുകയല്ലേ വേണ്ടിയിരുന്നത്? കൊതിച്ചതാണെങ്കിൽ എന്തിനു 40 വയസ്സുവരെ കാത്തിരിക്കണം? വറകയുടെ പക്കൽ പിന്നെ എന്തിനു പോയി? ദുരാരോപണത്തിന്റെ നിരർഥകത ഇതിൽനിന്നു വ്യക്തം. ഖുർആൻ തിരുനബിയുടെ രചനയാണ് എന്നതാണ് മറ്റൊരു ആരോപണം. സ്വന്തത്തെ ആക്ഷേപിച്ച് ആരെങ്കിലും ഒരു രചന തുടങ്ങുമോ? രണ്ടാമത്തെ അഞ്ചു വചനങ്ങൾ ഈ ദുരാരോപണത്തിനുള്ള തിരുത്താണ്.**

വന്നതെന്നും, ഈ ആദർശ മുന്നേറ്റത്തിനിടയിൽ തനിക്ക് നാട്ടിൽനിന്ന് പുറത്ത് പോകേണ്ടിവരുമെന്നും നബി(സ്വ) കൃത്യമായി ഉറപ്പിച്ചു!

ഇവിടം മുതൽ നബി(സ്വ)യുടെ പ്രവാചകത്വ ജീവിതം തുടങ്ങുകയാണ്; ലോകം മാതൃകയാക്കേണ്ട തെളിച്ചമുള്ള ദിനങ്ങൾ!

പക്ഷേ, പിന്നീട് കുറച്ചുകാലത്തേക്ക് ഖുർആനിക വചനങ്ങൾ ഒന്നും അവതരിച്ചില്ല. ആ ഇടവേള ശരിക്കും ഒരു പരീക്ഷണഘട്ടം തന്നെയായിരുന്നു. ശേഷം, ജിബ്‌രീലിനെ നബി (സ്വ) വീണ്ടും കണ്ടു.  ഇത്തവണ വാനഭൂമികൾക്കിടയിൽ ചിറകുവിടർത്തി നിൽക്കുന്ന ജിബ്‌രീലിന്റെ ശരിക്കുള്ള രൂപമാണ് കണ്ടത്! അതു കണ്ട് വീണ്ടും ഭയന്നു! വീട്ടിലേക്കോടി. ഖദീജ(റ)യുടെ സാന്ത്വനത്തിന്റെ പുതപ്പിനുള്ളിൽ വീണ്ടും അഭയംതേടി!

അതാ വന്നു ദിവ്യസൂക്തങ്ങൾ:

'ഹേ, പുതച്ചു മൂടിയവനേ, എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്ത്വപ്പെടുത്തുകയും നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക.'

ഹിറായിൽനിന്ന് കിട്ടിയത് അഞ്ച് സൂക്തങ്ങൾ! ഇപ്പോൾ കിട്ടിയതും അഞ്ച് സൂക്തങ്ങൾ! ഇതോടെ നബി എന്ന പദവിയിൽനിന്ന് റസൂൽ എന്ന പദവിയിലേക്ക് കൂടി അവിടുന്ന് ഉയർന്നു. പിന്നീട് വഹ്‌യുകൾ തുടരെ വന്നു.

ഇനിയാണ് ലോകത്തെ വെളിച്ചത്തിലേക്ക് വിളിക്കുക എന്ന മഹാ ഉത്തരവാദിത്തം പ്രയോഗവൽകരിക്കേണ്ടത്. ഭാരിച്ച പണിയാണത്. പക്ഷേ, റസൂൽ (സ്വ) അത് മനോഹരമായി നിർവഹിച്ചു. ആ മനോഹാരിതയിലേക്കാണ് ഇനി നമ്മുടെ യാത്ര! പുതപ്പിനുള്ളിൽനിന്ന് നബി തിരുമേനി(സ്വ) ജനകോടികളുടെ ഹൃദയങ്ങൾക്കുള്ളിലേക്ക് പ്രവേശിക്കുന്ന നയനാനന്ദകരമായ കാഴ്ച നമുക്കവിടെ ദർശിക്കാം. ഇൻശാ അല്ലാഹ്.

അതിനു മുമ്പ്  ഒരു കാര്യം സൂചിപ്പിക്കട്ടെ; നബിജീവിതത്തിന്റെ പ്രകാശത്തിനു മുമ്പിൽ ഇരുട്ടിന്റെ മറകൾ പടക്കാൻ ശ്രമിക്കുന്നവരുടെ ദുരാരോപണങ്ങളുടെ എട്ടുകാലിവലകൾ തകർന്നടിയുന്ന കാഴ്ചകൾ ഇവിടെ നാം കാണുന്നു.

പ്രവാചകത്വം ആഗ്രഹിച്ച വ്യക്തിയായിരുന്നു അദ്ദേഹം, അതിനു വേണ്ടിയാണ് ഹിറായിൽ പോയിരുന്നത് എന്നതാണ് ചിലരുടെ ആരോപണം. എങ്കിൽ എന്തിനാണ് അവിടുന്ന് ഭയന്നോടിയത്? തുള്ളിച്ചാടുകയല്ലേ വേണ്ടിയിരുന്നത്? കൊതിച്ചതാണെങ്കിൽ എന്തിനു 40 വയസ്സുവരെ കാത്തിരിക്കണം? വറകയുടെ പക്കൽ പിന്നെ എന്തിനു പോയി? ദുരാരോപണത്തിന്റെ നിരർഥകത ഇതിൽനിന്നു വ്യക്തം.

ഖുർആൻ തിരുനബിയുടെ രചനയാണ് എന്നതാണ് മറ്റൊരു ആരോപണം. സ്വന്തത്തെ ആക്ഷേപിച്ച് ആരെങ്കിലും ഒരു രചന തുടങ്ങുമോ? രണ്ടാമത്തെ അഞ്ചു വചനങ്ങൾ ഈ ദുരാരോപണത്തിനുള്ള തിരുത്താണ്.

മുൻ വേദങ്ങളിൽനിന്ന് കോപ്പിയടിച്ചതാണ് എന്നതാണ് മറ്റൊരു 'കണ്ടെത്തൽ!' ആദ്യത്തെ അഞ്ചു വചനങ്ങൾ അതിനുള്ള മറുപടിയാണ്. ഏതു ഗ്രന്ഥത്തിലാണ് ഈ വചനങ്ങൾ ഇതിനു മുമ്പ് വന്നത്? ഒന്നിലുമില്ല! മാത്രവുമല്ല; അതിൽ പറഞ്ഞ 'അലക്' എന്ന പദം അന്നും ഇന്നും ഒരു അത്ഭുതമായി നിലകൊള്ളുകയും ചെയ്യുന്നു.

വായിക്കാനറിയില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരാളുടെ വാക്യങ്ങൾക്ക് ഈ അത്ഭുതം സൃഷ്ടിക്കാനാവുമോ? ഇല്ല, തീർച്ച! ഇതു റബ്ബിന്റെ വചനങ്ങൾ തന്നെ, സംശയമില്ല.

ചുരുക്കത്തിൽ ഖുർആനിനെ സംശയിക്കുന്നവർക്കെല്ലാം ആദ്യത്തെ പത്തുവചനങ്ങളിൽ തന്നെ മറുപടിയുണ്ടെന്നർഥം! ■



# പുലരുമെന്നുറപ്പുള്ള സ്വപ്നം

**നസീമ വാടാനപ്പള്ളി**

സ്വപ്നം കാണാത്തവരുണ്ടാകില്ല. ഞാനും കാണാറുണ്ട് കുറെ സ്വപ്നങ്ങൾ. എന്തോ, ഈയിടെ എന്റെ സ്വപ്നങ്ങൾക്കെല്ലാം ഒരേ നിറക്കൂട്ടുകളാണ്. ഒരേ വികാരങ്ങളാണ്. അതെ, മരണത്തിന്റെ തണുപ്പുള്ള സ്വപ്നങ്ങൾ! കാണുന്ന സ്വപ്നങ്ങളിൽ ഒരുനാൾ തീർച്ചയായും യാഥാർഥ്യമാകുമെന്ന് ഉറപ്പിക്കാവുന്ന ഒന്ന്!

സാഹിത്യ ഭാഷയിൽ പലപ്പോഴും മരണത്തിന് കറുപ്പുനിറമാണെങ്കിൽ എന്റെ സ്വപ്നത്തിൽ അതിന് തൂവെള്ള മൊഞ്ചാണ്. അതിസുന്ദര രൂപത്തിൽ സ്വർഗീയ സുഗന്ധം പൂശിയ കഫൻ പുടവയുമായി പുഞ്ചിരിയോടെ വന്നടുക്കുന്ന മലക്കുൽ മൗത്ത്. റബ്ബിനെ കാണാമെന്ന അതിമോഹത്താൽ പുഞ്ചിരിയോടെ കൂടെ പോകുന്ന എന്റെ റൂഹ്. വല്ലാത്തൊരു സ്വപ്നമാണത്. പ്രതീക്ഷയാണ്. റബ്ബിലേക്കുള്ള തേട്ടമാണ്.

സ്വപ്നം ഇങ്ങനെയൊക്കെയാണെങ്കിലും ഓർക്കുമ്പോൾ ഒരു വിങ്ങലാണ്. കാര്യമായി ഒന്നും അതിനായി ഒരുക്കിയിട്ടില്ല. ഒരുക്കിയതു തന്നെ എത്രമാത്രം ഉപകാരപ്പെടുമെന്നും അറിയില്ല. ഒരിക്കലും തിരിച്ചു വരാത്ത ഒരു നീണ്ട യാത്രയാണല്ലോ... അതിനുള്ള ടിക്കറ്റാണ് മരണം. നിനച്ചിരിക്കാതെ നമുക്കെല്ലാം കിട്ടുന്ന ടിക്കറ്റ്! തിരിച്ചുവരവില്ലാത്ത ശാശ്വതമായ പരലോകത്തേക്കുള്ള ടിക്കറ്റാണ് അത്.

സമയമായാൽ പിന്നെ പോയല്ലേ പറ്റൂ. ഒന്നുകൂടി ഒരുങ്ങാൻ അവസരമില്ല. പിന്നെ നമ്മെ ഒരുക്കിത്തരുന്നത് മറ്റു പലരുമായിരിക്കും. കുളിപ്പിച്ച് സുഗന്ധം പൂശി വെള്ളത്തുണിയിൽ പുതപ്പിച്ചങ്ങ് അന്ന് നാം വെറും 'മയ്യിത്ത്' മാത്രം. നമ്മുടെ പേരുപോലും നമുക്ക് നഷ്ടമായിരിക്കും. കൂട്ടിനുണ്ടാകുന്നത് സത്യവിശ്വാസവും സൽകർമങ്ങളും മാത്രം.

മരണത്തിന്റെ ദിവസം ഓരോരുത്തർക്കും സുനിശ്ചിതമാണ്. സമയമായാൽ മരണമെത്തും. അത് എവിടെയായിരുന്നാലും ശരി. അല്ലാഹു പറയുന്നു: "നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടി ഉയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായാൽ പോലും..." (ക്വുർആൻ 4:78).

എന്തുമാത്രം ഗൗരവമുള്ളതും ഭയാനകവുമായ വിഷയമാണത്. പക്ഷേ, നാം ചിന്തിക്കുന്നുണ്ടോ? ഈ ജീവിതം... അത്യധികം ഗൗരവത്തോടെ നാം എഴുതിത്തീർക്കേണ്ട പരീക്ഷ. എഴുതിക്കൊണ്ടിരിക്കെ സമയം കഴിയും. പിന്നീട് സാധ്യതകളില്ല. അതെ, പിന്നീട് അവസരമേയില്ല.

ജാഗ്രതയോടെ ജീവിക്കണം. ഓരോ അനുഗ്രഹവും ഓരോ പ്രതിസന്ധിയും ഓരോ ചോദ്യമാണ്. റബ്ബിന്റെ തൃപ്തിക്കുവേണ്ടി ക്ഷമയോടെ നേരിടാൻ കഴിഞ്ഞാൽ, ഇൻശാ അല്ലാഹ്, വിജയിക്കാം.

നമുക്കുള്ളത് നാം തന്നെ കരുതി വെക്കണം. വീണ്ടും വീണ്ടും ഓർമയിൽ വരണം. അതെ, ഇനി ഒരവസരം ഉണ്ടാകില്ല.

നിനച്ചിരിക്കാതെ ഈ സ്വപ്നം യാഥാർഥ്യമാകുക തന്നെ ചെയ്യും; മരണമെന്ന സ്വപ്നം! ആരിലും അത് യാഥാർഥ്യമാണ്. അത് സംഭവിക്കുക തന്നെ ചെയ്യും. ഒരു യുക്തിവാദിക്കും നിഷേധിക്കാൻ കഴിയാത്ത യാഥാർഥ്യമാണത്.

അല്ലാഹു പറയുന്നു: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റി നിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 3:185).

ഇബ്നു അബ്ബാസ്(റ) നിവേദനം; നബി(സ്വ) ഇപ്രകാരം പ്രാർഥിക്കുമായിരുന്നു: "അല്ലാഹുവേ, നീയല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല. നിന്റെ പ്രതാപത്തിൽ ഞങ്ങൾ അഭയം തേടുന്നു. നീ മരണമില്ലാത്തവനാണ്. ജിന്നുകളും മനുഷ്യരും മരിക്കുന്നു" (ബുഖാരി).

കവർ സ്റ്റോറി



നുരഞ്ഞ് പതഞ്ഞ് ആഘോഷിച്ച് തിമിർക്കുന്ന ലഹരിയെ വകഞ്ഞു മാറ്റി ഉന്മാദത്തിന്റെ ഉച്ചസ്ഥായിയിൽ നിന്ന് സ്വബോധത്തെ താഴേക്കെറിഞ്ഞ് നിശ്ചേഷ്ടമാക്കുന്ന ലഹരിയുടെ കൊലയാളി വകഭേദത്തിലേക്ക് നാട് നടന്നുനീങ്ങുകയാണ്. പെണ്ണിനെ ആണിന്റെ വസ്ത്രം ധരിപ്പിക്കാനും ഇടയിലും മടിയിലുമിരുത്തി സ്വാതന്ത്ര്യമാഘോഷിക്കാനും മുറവിളി കൂട്ടിയവർ വരുംതലമുറയുടെ പേരിൽ നിലവിളിക്കേണ്ടി വരുമെന്ന് തീർച്ച!

# മക്കളെ മയക്കുന്ന ലഹരി മാഫിയ

നബീൽ പയ്യോളി

ഏതാനും ദിവസം മുമ്പ് സാമൂഹ്യമാധ്യമങ്ങളിലൂടെ കണ്ണോടിച്ചവർക്ക് മറക്കാൻ സാധിക്കാത്ത ഒരു നിലവിളിയുണ്ട്; മയക്കുമരുന്ന് കേസിൽ പിടിക്കപ്പെട്ട തൊടുപുഴക്കാരിയുടെതാണ് ആ നിലവിളി. ആ ഇരുപത് വയസ്സുകാരിയുടെ നിലവിളി മനഃസാക്ഷിയുള്ള ഏതൊരാളുടെയും ഉള്ള് പൊള്ളിക്കുന്നതാണ്. അപ്പോൾ, ഒരായിരം പ്രതീക്ഷകളുമായി അവളെ വളർത്തിയ മാതാപിതാക്കൾ എത്രമേൽ തകർന്നിരിക്കും എന്ന് ആലോചിച്ചുനോക്കുക.

ഏതാനും ആഴ്ചകൾക്ക് മുമ്പാണ് ഒരു ഒമ്പതാം ക്ലാസ്സുകാരിയുടെ ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകൾ നമ്മൾ കേട്ടത്. കാമുകൻ വഞ്ചിച്ച് മയക്കുമരുന്നിന്ന് അടിമയാക്കിയതും ശാരീരികവും മാനസികവുമായി പീഡിപ്പിക്ക



പ്പെട്ടതുമായ അനുഭവങ്ങൾ ലോകത്തോട് ആ പെൺകുട്ടി വിളിച്ചു പറയുമ്പോൾ കേട്ടിരിക്കാൻ പറ്റാത്തവിധം മനസ്സ് പിടയുന്നുണ്ടായിരുന്നു. എന്താണ് നമ്മുടെ കുഞ്ഞുങ്ങൾക്ക് സംഭവിക്കുന്നത്? സ്വന്തം വീട്ടിൽ താമസിക്കുന്ന, ദിനേന പഠിക്കാൻ പോയിവരുന്ന കൊച്ചുകുട്ടികൾക്ക് എന്ത് സംഭവിക്കുന്നു എന്നറിയാത്തവിധം ദുർബലമാണോ നമ്മുടെ കുടുംബ ബന്ധങ്ങൾ? മാതാപിതാക്കളും മക്കളുമെല്ലാം വീടെന്ന സ്വകാര്യയിടത്ത് പരസ്പരം അറിയാത്ത വിധം അകലങ്ങളിൽ കഴിയുന്നതെന്ത്?

കൊച്ചിയിൽ ഈയിടെ കൊലചെയ്യപ്പെട്ട മലപ്പുറം സ്വദേശിയായ ഇരുപത്തിമൂന്നുകാരൻ ഹോട്ടൽ ജോലിക്ക് വേണ്ടി പോയതാണ്. കോഴിക്കോട് സ്വദേശിയായ, ഏകദേശം സമപ്രായക്കാരനായ ഒരാൾ അവനെ കൊന്നത് ലഹരിയിടപാടിൽ ലഭിക്കാനുള്ള പണത്തെ ചൊല്ലിയുള്ള തർക്കത്തിനിടയിലാണത്രെ! പിതൃമാതാവ് മരണക്കിടക്കയിലാണെന്ന് അറിയിക്കാൻ വിളിച്ച മാതാപിതാക്കൾക്കും ബന്ധുക്കൾക്കും മറുപടി ലഭിക്കാത്തതിനെ തുടർന്നുള്ള അന്വേഷണത്തിനൊടുവിലാണ് ആ യുവാവിന്റെ മൃതദേഹം ഒളിപ്പിച്ച നിലയിൽ കണ്ടെത്തിയത്. കൊല്ലപ്പെട്ടവനും കൊലപാതകിയും മയക്കുമരുന്ന് മാഫിയയുടെ വലയിലാണെന്ന് അറിയുന്ന മാതാപിതാക്കൾ തകർന്നുപോയിട്ടുണ്ടാവില്ലേ? വലിയ പ്രതീക്ഷകളോടെ വളർത്തി വലുതാക്കി, ജോലിചെയ്യാൻ പ്രാപ്തരാക്കിയ മാതാപിതാക്കൾക്ക് ഈ ഇളംപ്രായത്തിലുള്ള മക്കളുടെ മൃതദേഹം ഏറ്റുവാങ്ങേണ്ടി വരുന്നത് വലിയ ദുരന്തമല്ലേ? കൊലപാതകക്കുറ്റത്തിന് പിടിക്കപ്പെട്ട യുവാവിന്റെ കുടുംബത്തിന് താങ്ങും തണലുമാവേണ്ടവനെ നഷ്ടപ്പെട്ട ദുഃഖഭാരത്താൽ തലകുനിക്കേണ്ടിവന്ന സാഹചര്യവും, അവന്റെ സഹധർമിണിയുടെ മാനസികാവസ്ഥയുമെല്ലാം നമ്മെ അസ്വസ്ഥമാക്കുന്നത് തന്നെയാണ്.

പാലക്കാട് ജില്ലയിലെ ഒരു സ്കൂൾ പരിസരത്തുനിന്നും ലഹരിവസ്തുക്കളുമായി പിടിക്കപ്പെട്ടവൻ ആ സ്കൂളിലെത്തന്നെ പൂർവവിദ്യാർഥിയായിരുന്നു. സമാനമായ കേസിൽ കോഴിക്കോട് നഗരത്തിൽ നിന്നും രണ്ട് കൗമാരക്കാരെയാണ് എക്സൈസ് ഉദ്യോഗസ്ഥർ അറസ്റ്റ് ചെയ്തത്. ഓൺലൈനിൽ കൗമാരക്കാരിക്ക് മയക്കുമരുന്നിനെ കുറിച്ച് ക്ലാസ്സെടുത്ത വ്ളോഗർ അറസ്റ്റിലായതും ഈയടുത്താണ്. മയക്കുമരുന്നുമായി ബന്ധപ്പെട്ട അറസ്റ്റും കൊലപാതകങ്ങളും ദുരന്തവാർത്തകളും ഇന്ന് നിത്യസംഭവങ്ങളാണ്. അങ്ങേതോ ദൂരദിക്കിൽനിന്നുമുള്ള വാർത്തകൾ വായിച്ചുതള്ളിയിരുന്ന നമ്മളിപ്പോൾ അരികെയുള്ള വാർത്തകൾ വായിച്ച് മനസ്സ് മരവിച്ച അവസ്ഥയിലേക്കെത്തി. ആരുടെയും ജീവിതം മാറ്റിമറിക്കാവുന്നവിധം മയക്കുമരുന്ന് മാഫിയ നമ്മുടെ നാടിനെ ഗ്രസിച്ചിരിക്കുന്നു!

വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചാണ് ഈ മാഫിയ പ്രവർത്തിക്കുന്നതെന്ന് പല കേസുകളും സൂചിപ്പിക്കുന്നു; വലയിലാവുന്നത് നമ്മുടെ കുഞ്ഞുങ്ങ

**എന്താണ് നമ്മുടെ കുഞ്ഞുങ്ങൾക്ക് സംഭവിക്കുന്നത്? സ്വന്തം വീട്ടിൽ താമസിക്കുന്ന, ദിനേന പഠിക്കാൻ പോയിവരുന്ന കൊച്ചുകുട്ടികൾക്ക് എന്ത് സംഭവിക്കുന്നു എന്നറിയാത്തവിധം ദുർബലമാണോ നമ്മുടെ കുടുംബ ബന്ധങ്ങൾ? മാതാപിതാക്കളും മക്കളുമെല്ലാം വീടെന്ന സ്വകാര്യയിടത്ത് പരസ്പരം അറിയാത്തവിധം അകലങ്ങളിൽ കഴിയുന്നതെന്ത്? മയക്കുമരുന്നുമായി ബന്ധപ്പെട്ട അറസ്റ്റും കൊലപാതകങ്ങളും ദുരന്ത വാർത്തകളും ഇന്ന് നിത്യ സംഭവങ്ങളാണ്. അങ്ങേതോ ദൂരദിക്കിൽ നിന്നുമുള്ള വാർത്തകൾ വായിച്ചുതള്ളിയിരുന്ന നമ്മളിപ്പോൾ അരികെയുള്ള വാർത്തകൾ വായിച്ച് മനസ്സ് മരവിച്ച അവസ്ഥയിലേക്കെത്തി. ആരുടെയും ജീവിതം മാറ്റിമറിക്കാവുന്നവിധം മയക്കുമരുന്ന് മാഫിയ നമ്മുടെ നാടിനെ ഗ്രസിച്ചിരിക്കുന്നു!**

**വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചാണ് ഈ മാഫിയ പ്രവർത്തിക്കുന്നതെന്ന് പല കേസുകളും സൂചിപ്പിക്കുന്നു; വലയിലാവുന്നത് നമ്മുടെ കുഞ്ഞുങ്ങളും! ഇവർ ഇളംപ്രായക്കാർക്ക് ആദ്യം മയക്കുമരുന്ന് സൗജന്യമായി നൽകും. താമസിയാതെ കുട്ടികൾ അതിന്റെ അടിമകളാകും. അഡിക്ഷനാകുന്ന മുറക്ക് പണം നൽകി വാങ്ങാൻ അവർ നിർബന്ധിതരാകും. ഈ തന്ത്രമാണ് മയക്കുമരുന്ന് മാഫിയകൾ പയറ്റുന്നത്. ലഹരി വസ്തു കിട്ടണമെങ്കിൽ പണം വേണം. പണം ലഭിക്കാനുള്ള മാർഗമെന്തെന്ന് അന്വേഷിക്കുമ്പോഴാണ് മാഫിയകൾ ലഹരി വിൽപനയിലൂടെ കാശുണ്ടാക്കാമെന്ന് അവരെ ബോധ്യപ്പെടുത്തുന്നത്. അതോടെ കുട്ടികൾ ലഹരിയുടെ ഉപഭോക്താക്കളും കച്ചവടക്കാരുമായി മാറും. വിദ്യാലയങ്ങളിൽ പൊതുവെ ശക്തമായ നിരീക്ഷണം ഇല്ലാത്തതും വിദ്യാർഥികളെ സമൂഹം സംശയിക്കാത്തതുമൊക്കെയാണ് ലഹരിമാഫിയകൾ വിദ്യാലയങ്ങളെ തെരഞ്ഞെടുക്കാനുള്ള കാരണമായി മാറുന്നത്.**

ളും! ഇവർ ഇളംപ്രായക്കാർക്ക് ആദ്യം മയക്കുമരുന്ന് സൗജന്യമായി നൽകും. താമസിയാതെ കുട്ടികൾ അതിന്റെ അടിമകളാകും. അഡിക്ഷനാകുന്ന മുറക്ക് പണം നൽകി വാങ്ങാൻ അവർ നിർബന്ധിതരാകും. ഈ തന്ത്രമാണ് മയക്കുമരുന്ന് മാഫിയകൾ പയറ്റുന്നത്. ലഹരി വസ്തു കിട്ടണമെങ്കിൽ പണം വേണം. പണം ലഭിക്കാനുള്ള മാർഗമെന്തെന്ന് അന്വേഷിക്കുമ്പോഴാണ് മാഫിയകൾ ലഹരി വിൽപനയിലൂടെ കാശുണ്ടാക്കാമെന്ന് അവരെ ബോധ്യപ്പെടുത്തുന്നത്. അതോടെ കുട്ടികൾ ലഹരിയുടെ ഉപഭോക്താക്കളും കച്ചവടക്കാരുമായി മാറും. വിദ്യാലയങ്ങളിൽ പൊതുവെ ശക്തമായ നിരീക്ഷണം ഇല്ലാത്തതും വിദ്യാർഥികളെ സമൂഹം സംശയിക്കാത്തതുമൊക്കെയാണ് ലഹരിമാഫിയകൾ വിദ്യാലയങ്ങളെ തെരഞ്ഞെടുക്കാനുള്ള കാരണമായി മാറുന്നത്. കുട്ടികളുടെ നിഷ്കളങ്കതയും ഇത്തരം ദുഷ്ചെയ്തികൾ വരുത്തിവയ്ക്കാവുന്ന ഗുരുതര പ്രത്യാഘാതങ്ങളെ കുറിച്ചുള്ള അറിവില്ലായ്മയുമാണ് ഇത്തരം മാഫിയകളുടെ വലയിൽ അവരെ വീഴ്ത്തുന്നത്.

തലശ്ശേരിയിലെ ഒമ്പതാം ക്ലാസ്സ് വിദ്യാർഥിനിയുടെ വെളിപ്പെടുത്തൽ മറ്റൊരു വഴിയുടെകൂടി തുറന്നു പറച്ചിലാണ്. പ്രണയക്കുരുക്കിലാക്കി ലഹരി അടിമത്തം സൃഷ്ടിച്ച് മാനസികമായും ശാരീരികമായും പീഡിപ്പിക്കുകയും ലഹരി വിൽപനക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്ന സാഹചര്യം! ഇതേരൂപത്തിൽ തന്റെ പല സഹപാഠികളും ചൂഷണം ചെയ്യപ്പെട്ടിട്ടുണ്ടെന്ന ഞെട്ടിക്കുന്ന വസ്തുതയും അവൾ തുറന്നുപറഞ്ഞിട്ടുണ്ട്. ഈ രീതിയിൽ ചൂഷണം ചെയ്യപ്പെട്ട നിരവധി കൗമാരക്കാർ ഉണ്ടെന്ന യാഥാർഥ്യത്തിലേക്ക് കൂടിയാണ് ഇത് വിരൽചൂണ്ടുന്നത്. ലഹരി എന്ന ദുരന്തം ആൺകുട്ടികളുടെ ജീവിതത്തെക്കാൾ തകർക്കുന്നത് പെൺകുട്ടികളുടെ ജീവിതത്തെയാണ്. മാനസികവും ശാരീരികവുമായ ആഘാതം ജീവിതകാലം മുഴുവൻ അവരെ വേട്ടയാടിയേക്കാം.




താൻ എത്തിപ്പെട്ട ദുരന്തത്തിൽ നിന്നും കരകയറേണ്ടതുണ്ടെന്ന് തലശ്ശേരിയിലെ ആ പെൺകുട്ടി തിരിച്ചറിഞ്ഞതും അതിന് കുടുംബം നൽകിയ പിന്തുണയും മാതൃകാപരമാണ്. ആരും സ്വയം നാശത്തിലേക്ക് എടുത്തുചാടുന്നില്ല; മറിച്ച് അറിവില്ലായ്മയും സാഹചര്യങ്ങളും അവരെ ദുരന്തവഴിയിൽ എത്തിക്കുന്നതാണ്. തിരിച്ചറിവില്ലാത്ത പ്രായത്തിൽ അകപ്പെട്ട ദുരന്തങ്ങളിൽനിന്നും കരകയറാൻ കൊതിക്കുന്നവരാണ് ഇവരെല്ലാവരും. അതിന് കൈത്താങ്ങാവാൻ, കൂടെ നിൽക്കാൻ തിരിച്ചുവരവിന്റെ പാതയിൽ കൂടെയുണ്ടാവാൻ കുടുംബത്തിനും ആത്മാർഥ ബന്ധങ്ങൾക്കും സാധിക്കുമ്പോൾ മാത്രമെ തിരുത്തലുകളും തിരിച്ചുവരവുകളും സാധ്യമാവൂ. പ്രതീക്ഷ നൽകാനും കേൾക്കാനും കൈപിടിച്ചു കയറ്റാനും അടുപ്പക്കാർക്ക് സാധിക്കണം. എല്ലാറ്റിനും പരിഹാരമുണ്ടെന്നും അബദ്ധങ്ങളിൽനിന്നും തിന്മകളിൽനിന്നും കരകയറാൻ വഴിയുണ്ടെന്നുമുള്ള തിരിച്ചറിവ് നൽകാനാവണം. ഇത് ഇരകൾക്ക് തിരിച്ചുവരവിന്റെ പാതയൊരുക്കാൻ സാധിക്കും. തങ്ങൾ എത്തിപ്പെട്ട ദുരന്തങ്ങൾ തീർത്ത കൂരിരുട്ട് കുട്ടികളുടെ മനസ്സിനെ



യും ശരീരത്തെയും തളർത്തിക്കളയും. അതിനെ വകഞ്ഞുമാറ്റി വെളിച്ചത്തിലേക്ക് വഴിനടത്താൻ രക്തബന്ധങ്ങൾക്കും ആത്മാർഥസുഹൃത്തുക്കൾക്കുമാണ് സാധിക്കുക. ആ തിരിച്ചറിവാണ് പ്രധാനം. ആത്മാർഥമായ പ്രവർത്തനങ്ങളും പ്രാർഥനയും സദ്ഫലം നൽകാതിരിക്കില്ല.

**കൗമാരക്കാർക്കിടയിലെ ലഹരിയുപയോഗം; ഞെട്ടിക്കുന്ന കണക്കുകൾ!**

ഈ വർഷം ഇതുവരെ 263 കേസുകളിലായി, 21 വയസ്സിന് താഴെ പ്രായമുള്ള 278 പേർക്കെതിരെയാണ് മയക്കുമരുന്ന് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സിന്തറ്റിക് ഡ്രഗ്സും എംഎഡിഎമ്മുമാണ് വിദ്യാർഥികൾക്കും യുവാക്കുൾക്കുമിടിയിൽ കൂടുതലായി പ്രചരിക്കുന്നത് എന്നാണ് അധികൃതർ സാക്ഷ്യപ്പെടുത്തുന്നത്. 2020ൽ 802 കേസുകളിലായി 917 കൗമാര പ്രായക്കാരും 2020-21ൽ 560 കേസുകളിലായി 605 പേരുമാണ് പിടിയിലായത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 2021ൽ 5680 ലഹരിക്കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ ഈ വർഷം ജൂണിൽ മാത്രം 11,717 ലഹരിക്കേസുകൾ രജിസ്റ്റർ ചെയ്തു! സൗജന്യമായി ലഹരി നൽകി വിദ്യാർഥികളെയും യുവാക്കളെയും വലയിലാക്കുകയാണ് മാഫിയ സംഘം ആദ്യം ചെയ്യുന്നതെന്ന് പോലീസും എക്സൈസും പറയുന്നു.

ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണ് കൗമാരം. ഈ പ്രായത്തിലുള്ളവരെ ലഹരിക്കടിമകളാക്കി ഇല്ലായ്മ ചെയ്യുകയാണ് ലഹരിമാഫിയകൾ ചെയ്യുന്നത്. ജീവിതത്തിന്റെ കെട്ടിക്കുടുക്കുകൾ നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നുവെന്നും സ്വയം തീരുമാനമെടുക്കാൻ താൻ പ്രാപ്തനാണ് എന്ന് തിരിച്ചറിയണമെന്നുമൊക്കെയുള്ള 'സാരോപദേശം' വഴിയാണ് അധർമകാരികൾ കൗമാരക്കാരെ വലയിലാക്കുന്നത്. 'ജീവിതം ഒന്നേയുള്ളൂ; അത് പരമാവധി ആസ്വദിക്കണം,' 'മൈ ലൈഫ് ഈസ് മൈ ചോയ്സ്,' 'മൈ ലൈഫ് ഈസ് മൈ ഫ്രീഡം' എന്നിങ്ങനെയുള്ള വർണക്കടലാസിൽ പൊതിഞ്ഞ വഞ്ചനയുടെ വാക്കുകളിലൂടെ കൗമാരക്കാരെ തിന്മയിലേക്ക് തിരിച്ചുവിടുകയും അവരിലൂടെ പണം സമ്പാദിക്കുകയുമാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്.

> **ലഹരി എന്ന ദുരന്തം ആൺകുട്ടികളുടെ ജീവിതത്തെക്കാൾ തകർക്കുന്നത് പെൺകുട്ടികളുടെ ജീവിതത്തെയാണ്. മാനസികവും ശാരീരികവുമായ ആഘാതം ജീവിതകാലം മുഴുവൻ അവരെ വേട്ടയാടിയേക്കാം. താൻ എത്തിപ്പെട്ട ദുരന്തത്തിൽ നിന്നും കരകയറേണ്ടതുണ്ടെന്ന് തലശ്ശേരിയിലെ ആ പെൺകുട്ടി തിരിച്ചറിഞ്ഞതും അതിന് കുടുംബം നൽകിയ പിന്തുണയും മാതൃകാപരമാണ്. ആരും സ്വയം നാശത്തിലേക്ക് എടുത്തുചാടുന്നില്ല; മറിച്ച് അറിവില്ലായ്മയും സാഹചര്യങ്ങളും അവരെ ദുരന്ത വഴിയിൽ എത്തിക്കുന്നതാണ്. തിരിച്ചറിവില്ലാത്ത പ്രായത്തിൽ അകപ്പെട്ട ദുരന്തങ്ങളിൽനിന്നും കരകയറാൻ കൊതിക്കുന്നവരാണ് ഇവരെല്ലാവരും. അതിന് കൈത്താങ്ങാവാൻ, കൂടെ നിൽക്കാൻ തിരിച്ചുവരവിന്റെ പാതയിൽ കൂടെയുണ്ടാവാൻ കുടുംബത്തിനും ആത്മാർഥ ബന്ധങ്ങൾക്കും സാധിക്കുമ്പോൾ മാത്രമെ തിരുത്തലുകളും തിരിച്ചുവരവുകളും സാധ്യമാവൂ.**

സർക്കാർ സംവിധാനമായ 'വിമുക്തി'യുടെ കീഴിൽ ലഹരി വിരുദ്ധ പദ്ധതികൾ നടക്കുന്നുണ്ടെങ്കിലും മാറിയ സാഹചര്യത്തിൽ അത് ഫലപ്രദമല്ലെന്നാണ് ദിനേന പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. ഇക്കാര്യത്തിൽ പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നും ശക്തവും ഫലപ്രദവുമായ ഇടപെടൽ ഉണ്ടാവേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകളില്ലാത്ത പോലീസ് സ്റ്റേഷൻ കേരളത്തിലുണ്ടെന്ന് കരുതാൻ വയ്യ. തലശ്ശേരി സംഭവത്തിൽ കുട്ടിയുടെ വെളിപ്പെടുത്തൽ ലഹരി മാഫിയയുടെ

**ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണ് കൗമാരം. ഈ പ്രായത്തിലുള്ള വരെ ലഹരിക്കടിമകളാക്കി ഇല്ലായ്മ ചെയ്യുകയാണ് ലഹരിമാഫിയകൾ ചെയ്യുന്നത്. ജീവിതത്തിന്റെ കെട്ടിക്കുടുക്കുകൾ നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നുവെന്നും സ്വയം തീരുമാനമെടുക്കാൻ താൻ പ്രാപ്തനാണ് എന്ന് തിരിച്ചറിയണമെന്നുമൊക്കെ യുള്ള 'സാരോപദേശം' വഴിയാണ് അധർമകാരികൾ കൗമാരക്കാരെ വലയിലാക്കു ന്നത്. 'ജീവിതം ഒന്നേയുള്ളൂ; അത് പരമാവധി ആസ്വദിക്കണം,' 'മൈ ലൈഫ് ഈസ് മൈ ചോയ്സ്,' 'മൈ ലൈഫ് ഈസ് മൈ ഫ്രീഡം' എന്നിങ്ങനെയുള്ള വർണക്കട ലാസിൽ പൊതിഞ്ഞ വഞ്ചനയുടെ വാക്കുകളിലൂടെ കൗമാരക്കാരെ തിന്മയിലേക്ക് തിരിച്ചുവിടുകയും അവരിലൂടെ പണം സമ്പാദിക്കുകയുമാണ് ഇവർ ചെയ്തുകൊ ണ്ടിരിക്കുന്നത്. സർക്കാർ സംവിധാനമായ 'വിമുക്തി'യുടെ കീഴിൽ ലഹരി വിരുദ്ധ പദ്ധതികൾ നടക്കുന്നുണ്ടെങ്കിലും മാറിയ സാഹചര്യത്തിൽ അത് ഫലപ്രദമല്ലെന്നാണ് ദിനേന പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്.**

വിഹാരകേന്ദ്രം പോലീസ് സ്റ്റേഷന് അധികം ദൂരെയെല്ലാത്ത സ്ഥലത്താണ് എന്നത് അത്യന്തം ഗൗരവമുള്ളതാണ്. അതേക്കുറിച്ച് പോലീസിനോടുള്ള ചോദ്യത്തിന് തൃപ്തികരമായി മറുപടി നൽകാൻ സാധിക്കാത്ത ചാനൽദൃശ്യം കണ്ടപ്പോൾ നാടിന്റെ ക്രമസമാധാനം സംരക്ഷിക്കേണ്ടവർ കാണിക്കുന്ന ഉത്തരവാദിത്ത നിർവഹണത്തിലെ വീഴ്ചയുടെ ആഴം നമ്മെ വല്ലാതെ പ്രയാസപ്പെടുത്തുന്നതാണ്. കഴിഞ്ഞദിവസം മയക്കുമരുന്നുമായി അറസ്റ്റിലായത് പോലീസ് ഓഫീസറും സുഹൃത്തുമാണ്. മയക്കുമരുന്ന് കേസിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ നിയമക്കുരുക്കുകളിൽനിന്നും രക്ഷപ്പെട്ട് പലതവണ പിടിക്കപ്പെട്ട സാഹചര്യവും നിയമപാലനരംഗത്ത് ഉണ്ടാവുന്ന വീഴ്ചയുടെ നേർചിത്രങ്ങളാണ്.


നിസ്സാരമായ നിയമലംഘനത്തിന് പോലും വലവിരിച്ച് സാധാരണക്കാരന്റെ പോക്കറ്റിൽ കയ്യിട്ട് നിയമം നടപ്പിലാക്കുന്നവർ നാടിന്റെ നാളെയുടെ വാഗ്ദാനങ്ങളെ ഇല്ലായ്മ ചെയ്യുന്ന മാഫിയകൾക്കെതിരെ വേണ്ടത്ര രീതിയിൽ നടപടികൾ സ്വീകരിക്കാതെ പോകുന്നത് ഒരു നാടിനെ ദുരന്തത്തിലേക്ക് തള്ളിയിടുന്നതിന് തുല്യമാണ്. ഈ കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും ഉണർന്ന് പ്രവർത്തിച്ചേ മതിയാവൂ.

**തൊഴിലില്ലായ്മയും ക്രമസമാധാന പ്രശ്നങ്ങളും**

കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പുറത്തുവിട്ട കണക്ക് പ്രകാരം കേരളത്തിൽ ഈ വർഷം ആദ്യപാദത്തിൽ തൊഴിലില്ലായ്മ നിരക്ക് 13.2 ശതമാനമാണ്. രാജ്യത്ത് മൂന്നാം സ്ഥാനത്ത് കേരളമാണ്. ജമ്മു കശ്മീരും (15.6%) ഹരിയാനയുമാണ് (13.5%) പട്ടികയിൽ ഒന്നാമതും രണ്ടാമതും. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്(8.3%), കർണാടക(4.9%), ആന്ധ്രപ്രദേശ്(8.3%) എന്നിവ തൊഴിൽ ലഭ്യമാക്കുന്ന കാര്യത്തിൽ നമ്മെക്കാൾ ബഹുദൂരം മുന്നിലാണ് എന്നതും അതിനായി അവർ എന്താണ് ചെയ്യുന്നതെന്നും സംസ്ഥാന സർക്കാർ ഗൗരവപൂർവം പരിശോധിക്കേണ്ടിയിരിക്കുന്നു. മയക്കുമരുന്ന് മാഫിയകളുടെ വലയിൽ പെടുന്നവർ സാമ്പത്തികലാഭം ലാക്കാക്കിയാണ് പ്രവർത്തിക്കുന്നത്. പണം കണ്ടെത്തുവാനുള്ള എളുപ്പവഴിയാണ് ഇത്തരം വ്യാപാരങ്ങൾ. പിടിക്കപ്പെട്ട പലരും ഇത്തരത്തിലുള്ള വെളിപ്പെടുത്തലുകൾ നടത്തുന്നത് നിസ്സാരമായി തള്ളിക്കളയേണ്ട ഒന്നല്ല. തൊഴിൽ ലഭ്യമാക്കാൻ ആവശ്യമായ ഫലപ്രദമായ ഇടപെടലുകൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം.

മുമ്പൊക്കെ കേരളത്തിൽ തമിഴ്നാട്ടിൽ നിന്നുള്ളവരായിരുന്നു ജോലികൾ മിക്കതും ചെയ്തിരുന്നത്. എന്നാൽ ഇന്ന് അവരെ കാണാൻകിട്ടാത്ത സാഹചര്യമാണ്. അവരുടെ സ്ഥാനത്ത് ഇന്ന് ഉത്തരരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നുള്ളവരാണ്. ലക്ഷണ






ക്കിന് ഉത്തരേന്ത്യക്കാർ ഇന്ന് കേരളത്തിൽ ജോലിചെയ്യുന്നു. അവരില്ലാത്ത നഗരങ്ങളും ഗ്രാമങ്ങളുമില്ല. അവർക്കിടയിലെ വ്യാപകമായ ലഹരിയുപയോഗവും ഉത്തരേന്ത്യയിൽനിന്നുള്ള ലഹരിക്കടത്തും കർശനമായി നേരിടേണ്ടത് തന്നെയാണ്.

തമിഴ്നാട്ടിലെ പുതുതലമുറക്ക് ആ നാട്ടിൽ ജോലി ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടു. അതോടെ തൊഴിൽമേഖല മെച്ചപ്പെട്ടു. അന്യസംസ്ഥാനത്ത് ജോലിക്ക് പോകേണ്ടാത്തവിധം അവർ വളർന്നു. കേരളത്തിലുള്ളതിന്റെ ഇരട്ടി ജനസംഖ്യയാണ് തമിഴ്നാട്ടിലുള്ളതെന്നുകൂടി ചേർത്ത് വായിക്കുമ്പോഴാണ് നമ്മുടെ അയൽസംസ്ഥാനം സ്വന്തം ജനതക്ക് ഒരുക്കിയ തൊഴിൽ സാഹചര്യത്തിന്റെ വലിപ്പം മനസ്സിലാവുക. തൊഴിലില്ലായ്മയും വിലക്കയറ്റവും നാണയപ്പെരുപ്പവുമെല്ലാം അന്യായമായ മാർഗത്തിൽ പണം സമ്പാദിക്കാനും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ജനങ്ങളെ പ്രേരിപ്പിക്കും. അത് ക്രമസമാധാന പ്രശ്നങ്ങൾക്കുകൂടി കാരണമാകും എന്നത് ഭരണാധികാരികൾക്ക് വേണ്ട അടിസ്ഥാനപരമായ തിരിച്ചറിവാണ്.

എല്ലാവർക്കും സർക്കാർ കിറ്റ് കൊടുക്കുക എന്നത് നല്ല പ്രവണതയല്ല എന്നാണ് ഈ ലേഖകന്റെ അഭിപ്രായം. അത് പിആർ വർക്കിന്റെ ഭാഗമായിരിക്കാം. നമ്മുടെ

**കഴിഞ്ഞദിവസം മയക്കുമരുന്നുമായി അറസ്റ്റിലായത് പോലീസ് ഓഫീസറും സുഹൃത്തുമാണ്. മയക്കുമരുന്ന് കേസിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ നിയമക്കുരുക്കുകളിൽ നിന്നും രക്ഷപ്പെട്ട് പലതവണ പിടിക്കപ്പെട്ട സാഹചര്യവും നിയമ പാലനരംഗത്ത് ഉണ്ടാവുന്ന വീഴ്ചയുടെ നേർചിത്രങ്ങളാണ്. നിസ്സാരമായ നിയമലംഘനത്തിന് പോലും വലവിരിച്ച് സാധാരണക്കാരന്റെ പോക്കറ്റിൽ കയ്യിട്ട് നിയമം നടപ്പിലാക്കുന്നവർ നാടിന്റെ നാളെയുടെ വാഗ്ദാനങ്ങളെ ഇല്ലായ്മ ചെയ്യുന്ന മാഫിയകൾക്കെതിരെ വേണ്ടത്ര രീതിയിൽ നടപടികൾ സ്വീകരിക്കാതെ പോകുന്നത് ഒരു നാടിനെ ദുരന്തത്തിലേക്ക് തള്ളിയിടുന്നതിന് തുല്യമാണ്. ഈ കാര്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും ഉണർന്ന് പ്രവർത്തിച്ചേ മതിയാവൂ.**

സംസ്ഥാനം ഓണക്കിറ്റ് വിതരണത്തിന് ആയിരം കോടി രൂപയാണ് കടമെടുത്തത്! അത് നാട്ടിലെ അർഹർക്കും അനർഹർക്കും കിറ്റ് കൊടുക്കാൻ ഉപയോഗിക്കുക എന്നുള്ളത് സാമ്പത്തികശാസ്ത്രത്തിന്റെ അടിസ്ഥാനപാഠങ്ങൾ മറന്നുകൊണ്ടുള്ള നീക്കമാണ്. സമൂഹത്തിലെ അർഹരായ ആളുകൾക്ക് ബോണസ് നൽകുകയാണ് വേണ്ടത്. അവർ ആ പണം വിപണിയിലേക്ക് ഇറക്കും. അത് ലാഭവും തൊഴിലും നൽകും. പണവിനിമയം നടക്കുമ്പോൾ നിരവധിയാളുകളുടെ തൊഴിൽ സാധ്യതകൂടിയാണ് സാക്ഷാത്കരിക്കപ്പെടുന്നത്.

നമ്മുടെ നാട് നേരിടുന്ന പ്രശ്നങ്ങളെ ഗൗരവത്തിൽ കണ്ട് പ്രായോഗിക പരിഹാരങ്ങളിലേക്ക് ഉത്തരവാദപ്പെട്ടവർ മാറേണ്ടിയിരിക്കുന്നു. ഉത്സവകാലത്ത് സാധാരണക്കാരന് പണം നേരിട്ട് നൽകുന്നതിലൂടെ ചിലപ്പോൾ കിറ്റ് നൽകുന്നതിനെക്കാൾ സർക്കാരിന് അംഗീകാരം ലഭിച്ചേക്കാം. എന്നിട്ടും ആ വഴി തിരഞ്ഞെടുക്കാത്തതെന്താണ് ? കിറ്റിലാക്കി സാധനങ്ങൾ കൊടുക്കുമ്പോൾ അതിനു പിന്നിൽ കടുത്ത അഴിമതി നടക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്ന ഇടപെടൽ ഉണ്ടാവുക എന്നത് ക്രമസമാധാന സാഹചര്യം മെച്ചപ്പെടാനുള്ള കാരണംകൂടിയാണ്. ലോകത്തെ വിവിധ രാജ്യങ്ങളിൽ


**മയക്കുമരുന്ന് മാഫിയകളുടെ വലയിൽ പെടുന്നവർ സാമ്പത്തികലാഭം ലാക്കാക്കിയാണ് പ്രവർത്തിക്കുന്നത്. പണം കണ്ടെത്തുവാനുള്ള എളുപ്പവഴിയാണ് ഇത്തരം വ്യാപാരങ്ങൾ. പിടിക്കപ്പെട്ട പലരും ഇത്തരത്തിലുള്ള വെളിപ്പെടുത്തലുകൾ നടത്തുന്നത് നിസ്സാരമായി തള്ളിക്കളയേണ്ട ഒന്നല്ല. തൊഴിൽ ലഭ്യമാക്കാൻ ആവശ്യമായ ഫലപ്രദമായ ഇടപെടലുകൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം. മുമ്പൊക്കെ കേരളത്തിൽ തമിഴ്നാട്ടിൽ നിന്നുള്ളവരായിരുന്നു ജോലികൾ മിക്കതും ചെയ്തിരുന്നത്. എന്നാൽ ഇന്ന് അവരെ കാണാൻകിട്ടാത്ത സാഹചര്യമാണ്. അവരുടെ സ്ഥാനത്ത് ഇന്ന് ഉത്തരരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നുള്ളവരാണ്. ലക്ഷണക്കിന് ഉത്തരേന്ത്യക്കാർ ഇന്ന് കേരളത്തിൽ ജോലിചെയ്യുന്നു. അവരില്ലാത്ത നഗരങ്ങളും ഗ്രാമങ്ങളുമില്ല. അവർക്കിടയിലെ വ്യാപകമായ ലഹരിയുപയോഗവും ഉത്തരേന്ത്യയിൽനിന്നുള്ള ലഹരിക്കടത്തും കർശനമായി നേരിടേണ്ടത് തന്നെയാണ്.**

നടപ്പിലാക്കുന്ന സ്വദേശി വൽക്കരണ പദ്ധതികളുടെ പിന്നിൽ ഈ തിരിച്ചറിവാണ് എന്നത് നമ്മുടെ ഭരണകർത്താക്കളും രാഷ്ട്രീയ നേതൃത്വവും മനസ്സിലാക്കേണ്ടതുണ്ട്.

### അധ്യാപകർ ജാഗ്രത പാലിക്കണം

ഭാവിതലമുറയെ നന്മയുടെ വഴിലേക്ക് നയിക്കുന്നതിൽ അധ്യാപകർക്കുള്ള പങ്ക് വളരെ വലുതാണ്. വിദ്യാർഥികൾ സുപ്രധാനമായ സമയങ്ങളിൽ വിദ്യാലയത്തിലാണുണ്ടാവുക എന്നതുകൊണ്ട് തന്നെ അവരുടെ 'ആക്റ്റീവ് ഹവേർസ്' കൈകാര്യം ചെയ്യുന്നത് അധ്യാപകരാണ്. താൻ പഠിപ്പിക്കുന്ന കുട്ടികൾക്ക് എന്തെങ്കിലും അപകടം സംഭവിച്ചാൽ ഓടിച്ചെന്ന് ആവശ്യമായ ശുശ്രൂഷകൾ നൽകാനും രക്ഷിതാക്കളുടെ ദൗത്യം നിർവഹിക്കാനും ആത്മാർഥമായി ഇടപെടുന്നവരായിരുന്നു നമ്മുടെയൊക്കെ അധ്യാപകർ. (ഇപ്പോൾ അങ്ങനെയുള്ളവർ ഇല്ല എന്നല്ല പറയുന്നത്). കുട്ടിക്ക് അപകടം പറ്റിയതുമുതൽ അവരെ സുരക്ഷിതമായി വീട്ടിൽ എത്തിക്കുന്നതുവരെ കൈമെയ് മറന്ന് കർമനിരതരാവുന്ന അധ്യാപകസമൂഹം കേവലം ഒരു ജോലി എന്നതിനപ്പുറം, സംസ്കാരസമ്പന്നമായ നാടിന് വിളക്കാവുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്നവർ കൂടിയാണ്. 'ടീച്ചർ ഈസ് എ സോഷ്യൽ എഞ്ചിനിയർ' എന്നത് വെറും വാക്കല്ല; കാലങ്ങളായി നമ്മുടെ നേർസാക്ഷ്യം കൂടിയാണ്. അതുകൊണ്ട്തന്നെയാണ് ഒരു വ്യക്തി എത്ര വലിയനിലയിൽ എത്തിയാലും -രാജ്യത്തെ പ്രഥമ പൗരനായാൽ പോലും- അയാളുടെ അധ്യാപകനു മുമ്പിൽ വിനയത്തോടെയും ആദരവോടെയും നിൽക്കുന്നത്.

എന്നാൽ, ഇന്ന് അധ്യാപനം എന്നത് കേവലം ജോലി മാത്രമായോ എന്ന് സംശയിക്കേണ്ട നിലയിലേക്ക് വിദ്യാലയങ്ങളിൽ നിന്നും വരുന്ന വാർത്തകൾ സൂചിപ്പിക്കുന്നു. മാറിയ സാമൂഹിക സാഹചര്യത്തിൽ അധ്യാപകർക്ക് പേടിയാണ്. എന്തെങ്കിലും നല്ലത് പറഞ്ഞാൽ അതിനെ ദുർവ്യാഖ്യാനിച്ച് തനിക്കെതിരെ വിദ്യാർഥികളും രക്ഷിതാക്കളും സമൂഹവും തിരിഞ്ഞാലോ എന്ന ഭയമാണ് പലരെയും പിൻവലിയാൻ പ്രേരിപ്പിക്കുന്നത്. അധ്യാപകൻ അറിവുനൽകുന്ന യന്ത്രയും വിദ്യാർഥി അറിവ് വാങ്ങുന്ന കസ്റ്റമറും ആയി മാറിയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അറിവ് പകർന്നുനൽകുകയെന്ന വലിയ ദൗത്യത്തോടൊപ്പം നന്മകളുടെ കൈമാറ്റം നടക്കേണ്ടത് കൂടി ഇല്ലാതായിപ്പോകുന്നതാണ് നാടിനെ ഇത്രവലിയ ദുരന്തത്തിലേക്ക് നയിച്ചതെന്ന് തിരിച്ചറിയാൻ ഇനിയും വൈകരുത്. ആരെങ്കിലും അധർമകാരിയോ ലഹരിക്കടിമയോ ആവണമെന്ന് മനുഷ്യത്വ





മുള്ള ഒരാളും ആഗ്രഹിക്കുകയില്ല. അപ്പോൾ കുഞ്ഞു ഹൃദയങ്ങളിൽ അറിവിന്റെ അമൃത് കോരിയൊഴിക്കുന്ന അധ്യാപകർക്ക് അതിനൊട്ടും സാധിക്കുകയില്ലല്ലോ.

സമൂഹത്തിലെ സാംസ്കാരിക മൂല്യങ്ങളുടെ അതിർവരമ്പുകളെ തല്ലിത്തകർത്ത് സ്വതന്ത്രവാദത്തിന്റെ മേമ്പൊടിചേർത്ത് സമൂഹത്തെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുകയാണ് പലരും. അത് ഒറ്റയ്ക്കും കൂട്ടമായും ഒക്കെ നടക്കുന്നുണ്ട്. അവരാണ് പൊതുബോധത്തെ നിയന്ത്രിക്കുന്നതും. അവർ ഉണ്ടാക്കുന്ന സമ്മർദം നന്മയുടെ വക്താക്കളെ വല്ലാതെ ഉൾവലിപ്പിക്കുന്നു. മൗനം ഭേദിച്ച് ശക്തമായ ഇടപെടലുകൾക്ക് അധ്യാപക സമൂഹം മുന്നോട്ട് വരേണ്ടതുണ്ട്. അതിന് സർവപിന്തുണയും പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം. വഴിതെറ്റുന്നവരെ ഉപദേശിക്കുവാനും ശിക്ഷണ നടപടികൾ സ്വീകരിക്കുവാനും ഉറച്ചശബ്ദത്തിൽ നന്മയുടെ വക്താക്കളായി നിലകൊള്ളുവാനും അധ്യാപകസമൂഹം ആർജവം കാണിക്കാൻ മടിക്കരുത്. താൻ അറിവ് പകർന്നുനൽകിയ ഒരു കുട്ടിയും അധാർമികവും സംസ്കാരശൂന്യവുമായ ദുരന്തവഴിയിലേക്ക് എത്തിപ്പെടരുതെന്ന ആത്മാർഥമായ ആഗ്രഹവും തീരുമാനവും ബോധ്യവുമാണ് നിലപാടുകൾ രൂപപ്പെടുത്തേണ്ടത്. രക്ഷിതാക്കളുടെ പൂർണമായ പിന്തുണ ഇതിന്

**സമൂഹത്തിലെ സാംസ്കാരിക മൂല്യങ്ങളുടെ അതിർവരമ്പുകളെ തല്ലിത്തകർത്ത് സ്വതന്ത്രവാദത്തിന്റെ മേമ്പൊടിചേർത്ത് സമൂഹത്തെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുകയാണ് പലരും. അത് ഒറ്റയ്ക്കും കൂട്ടമായും ഒക്കെ നടക്കുന്നുണ്ട്. അവരാണ് പൊതുബോധത്തെ നിയന്ത്രിക്കുന്നതും. അവർ ഉണ്ടാക്കുന്ന സമ്മർദം നന്മയുടെ വക്താക്കളെ വല്ലാതെ ഉൾവലിപ്പിക്കുന്നു. മൗനം ഭേദിച്ച് ശക്തമായ ഇടപെടലുകൾക്ക് അധ്യാപക സമൂഹം മുന്നോട്ട് വരേണ്ടതുണ്ട്. അതിന് സർവപിന്തുണയും പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം. വഴിതെറ്റുന്നവരെ ഉപദേശിക്കുവാനും ശിക്ഷണ നടപടികൾ സ്വീകരിക്കുവാനും ഉറച്ചശബ്ദത്തിൽ നന്മയുടെ വക്താക്കളായി നിലകൊള്ളുവാനും അധ്യാപകസമൂഹം ആർജവം കാണിക്കാൻ മടിക്കരുത്. താൻ അറിവ് പകർന്നുനൽകിയ ഒരു കുട്ടിയും അധാർമികവും സംസ്കാര ശൂന്യവുമായ ദുരന്തവഴിയിലേക്ക് എത്തിപ്പെടരുതെന്ന ആത്മാർഥമായ ആഗ്രഹവും തീരുമാനവും ബോധ്യവുമാണ് നിലപാടുകൾ രൂപപ്പെടുത്തേണ്ടത്.**

അധ്യാപകർക്ക് ആവശ്യമാണ്. ‘എന്റെ കുട്ടിയെ ഉപദേശിക്കാൻ നീ യാരാണ്? നിന്റെ ജോലി പഠിപ്പിക്കലാണ്; അതു ചെയ്താൽ മതി’ എന്ന നിലപാട് സ്വീകരിക്കുന്ന രക്ഷിതാക്കളുള്ള കാലത്തോളം അധ്യാപകർ കുട്ടികളെ ‘നന്നാക്കുക’ എന്ന സാഹസത്തിന് മുതിരാൻ സാധ്യതയില്ല. മക്കൾ നന്നാകാനും പോകുന്നില്ല!

കുട്ടികൾ ചെറിയ തെറ്റുകൾ ചെയ്താണ് വലിയ ദുരന്തങ്ങളിലേക്ക് എത്തിപ്പെടുന്നത്. ‘നിങ്ങളാരാ ഞങ്ങളെ ഉപദേശിക്കാൻ’ എന്ന് അധ്യാപകരുടെ മുഖത്തുനോക്കി ചോദിക്കുന്ന കുട്ടികളും ഇല്ലാതില്ല. രക്ഷിതാക്കളുടെ പിന്തുണ കിട്ടുമെന്ന ഉറപ്പുള്ളതുകൊണ്ടാണ് അവരതിന് മുതിരുന്നത്. ഇതും അധ്യാപകരെ, പഠിപ്പിക്കുക എന്നതിനപ്പുറം മൂല്യബോധം പകർന്നുനൽകുക എന്ന കടമയിൽനിന്ന് പിൻവലിയാൻ പ്രേരിപ്പിക്കുന്നു.

സംസ്കാരത്തിന്റെ ചട്ടക്കൂടുകൾ തകർത്തെറിഞ്ഞാൽ നടക്കുക തിന്മയുടെ കുത്തൊഴുക്കാണ്. അത് തടുക്കാൻ പറ്റിയെന്ന് വരില്ല. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പേരിലായാലും സ്വതന്ത്രവാദമെന്ന ഓമനപ്പേരിട്ടായാലും നാം കാത്തുസൂക്ഷിച്ചുപോന്ന സാംസ്കാരിക, ധാർമിക മൂല്യങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങളെ ശക്തമായി ചെറുത്ത് തോൽപിക്കേണ്ടതുണ്ട്. നമ്മൾ ചിലപ്പോഴെങ്കിലും പാലിച്ച മൗനത്തിന്റെ ദുരന്തമാണ് കാതുകളിൽ അലയടിക്കുന്ന പല ദീനരോദനങ്ങളും ഹൃദയം തകർക്കുന്ന കാഴ്ചകളും. ആലോചിക്കാൻ പോലും പറ്റാത്ത ദുരന്തങ്ങളാണ് സമൂഹത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്നത്. മൗനം വെടിഞ്ഞ് ഉണർന്ന് പ്രവർത്തിക്കാൻ ഇനിയും മടികാണിക്കരുത്. അധ്യാപകർ മാത്രമല്ല; സന്മനസ്സുള്ള എല്ലാവരും ഈ ദൗത്യനിർവഹണരംഗത്ത് തങ്ങളുടേതായ ഭാഗധേയം നിർവഹിക്കണം. ആരെന്ത് പറഞ്ഞാലും നമ്മുടെ ഇളംതലമുറയെ ദുരന്തങ്ങളുടെ കയത്തിലേക്ക് വലിച്ചെറിയാൻ മനസ്സില്ലെന്ന് പറഞ്ഞേ തീരൂ. ■



# പേമാരിയുടെ കാണാപ്പുറങ്ങൾ

ഡോ. ടി. കെ യൂസുഫ്

:9349798262

പ്രകൃതിചൂഷണവും പരിസ്ഥിതിക്കെതിരെയുള്ള കയ്യേറ്റവും ഇനിയും തുടർന്നാൽ ആഗോളതാപനവും വരൾച്ചയുമായിരിക്കും പ്രത്യാഘാതമെന്നും, ജലവിചാരമില്ലെങ്കിൽ വെള്ളത്തിന് വേണ്ടിയായിരിക്കും അടുത്ത യുദ്ധമെന്നുമുള്ള മുന്നറിയിപ്പുകളെ തകിടംമറിച്ചുകൊണ്ട് തിമർത്തുപെയ്ത പേമാരി കേരളത്തിന്റെ ചില ഭാഗങ്ങളെ വെള്ളത്തിലാഴ്ത്തിയിരിക്കുകയാണ്. നമ്മുടെ അയൽ രാജ്യമായ പാക്കിസ്ഥാനാകട്ടെ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിലെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തിലാണ് അകപ്പെട്ടിരിക്കുന്നത്. ജീവഹാനിയുടെയും നാശനഷ്ടങ്ങളുടെയും കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. മഴ കുറയുന്നതിന് അനേകം കാരണങ്ങൾ നമുക്ക് നിരത്താൻ കഴിയുമെങ്കിലും അതിവർഷത്തിന്റെ കാരണം കണ്ടെത്തണമെങ്കിൽ വേറെയും പ്രപഞ്ചവിസ്മയങ്ങൾ വിശകലനം ചെയ്യേണ്ടിവരും.

സമുദ്രങ്ങളിലും പുഴകളിലും കിണറുകളിലും തടാകങ്ങളിലുമായി ഭൂഗോളത്തിന്റെ 70 ശതമാനത്തിലധികം വരുന്ന വർധിച്ച അളവിലുള്ള ജലം എവിടെനിന്നാണ് ഈ ഗോളത്തിലെത്തിയത്? എന്തുകൊണ്ടാണ് മറ്റു ഗ്രഹങ്ങളിൽ ഈ രൂപത്തിൽ വെള്ളം കാണപ്പെടാതിരിക്കുന്നത്? ശാസ്ത്ര നിഗമനപ്രകാരം, നാല് ബില്യൺ വർ

ഷത്തിലധികമായി ഈ ഗോളത്തിന്റെ ജീവരക്തമായി ജലം വറ്റാതെ നിലനിൽക്കാൻ കാരണമെന്താണ്? അൽപം മാത്രം അറിവ് നൽകപ്പെട്ട മനുഷ്യന്റെ തലപുകക്കുന്ന ഇത്തരം സങ്കീർണമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവത്തിന്റെ വചനമായ ക്വുർആനിനെക്കാൾ ഉത്തമമായ ഒരു അവലംബവും നമുക്ക് കാണാൻ സാധ്യമല്ല.

ഈ ഭൂമിയിൽ മനുഷ്യവാസം തുടങ്ങിയിട്ട് ആയിരക്കണക്കിന് വർഷങ്ങൾ മാത്രമെ പിന്നിട്ടിട്ടുള്ളൂ. ആദിമനുഷ്യൻ മുതലുള്ള മാനവരാശിയുടെ അറിവും അനുഭവവും രേഖപ്പെടുത്തിവച്ചാൽ പോലും കോടിക്കണക്കിന് വർഷങ്ങൾക്ക് മുമ്പുള്ള ഭൂമിയിലെ ജലസാന്നിധ്യത്തെക്കുറിച്ചുള്ള വ്യക്തമായ അറിവ് ലഭിക്കുകയില്ല. ഇവിടെയാണ് ദൈവവചനവും അത്ഭുതങ്ങളിലെ അത്ഭുതവുമായ ക്വുർആൻ ഈ വിഷയത്തിൽ വല്ലതും പറയുന്നുണ്ടോ എന്ന അന്വേഷണം പ്രസക്തമാകുന്നത്. ആധുനിക ശാസ്ത്ര ഗവേഷണ നിരീക്ഷണങ്ങളെക്കാളും വിസ്മയകരമായ ശാസ്ത്രസത്യങ്ങൾ ഉൾകൊള്ളുന്ന ക്വുർആൻ ഈ വിഷയത്തിലും വ്യക്തമായ സൂചന നൽകുന്നുണ്ട്.

ഭൂമിയുടെ ആവിർഭാവ കാലത്ത് അതിന്റെ രൂപം ഇതുപോലെയായിരുന്നില്ല. അന്ന് ഭൂമിയിൽ വെള്ളമുണ്ടായിരുന്നില്ല. അന്നത്തെ ഭൂമിയുടെ ഊഷ്മാവ് 5000 ഡിഗ്രി സെന്റിഗ്രേഡായിരുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. അതിന് പുറമെ മണിക്കൂറിൽ ആയിരക്കണക്കിന് കിലോമീറ്റർ വേഗതയുള്ള കാറ്റും അടിച്ചുവീശിയിരുന്നു. ഒട്ടേറെ രാസവസ്തുക്കൾ വാതകരൂപത്തിൽ നിലനിന്നിരുന്നുവെങ്കിലും വെള്ളത്തിന് ദ്രാവകരൂപത്തിൽ നിലനിൽക്കാൻ ഒരിക്കലും സാധ്യമായിരുന്നില്ല. പിന്നീട് മില്യൺ കണക്കിന് വർഷങ്ങൾ നീണ്ടുനിന്ന വർഷപാതത്തിലൂടെ ഭൂമി ക്രമേണ തണുക്കുകയും ഇന്ന് നാം കാണുന്ന രൂപത്തിൽ അത് വാസ



**സമുദ്രങ്ങളിലും പുഴകളിലും കിണറുകളിലും തടാകങ്ങളിലുമായി ഭൂഗോളത്തിന്റെ 70 ശതമാനത്തിലധികം വരുന്ന വർധിച്ച അളവിലുള്ള ജലം എവിടെനിന്നാണ് ഈ ഗോളത്തിലെത്തിയത്? എന്തു കൊണ്ടാണ് മറ്റു ഗ്രഹങ്ങളിൽ ഈ രൂപത്തിൽ വെള്ളം കാണപ്പെടാതിരിക്കുന്നത്? ശാസ്ത്ര നിഗമനപ്രകാരം, നാല് ബില്യൺ വർഷത്തിലധികമായി ഈ ഗോളത്തിന്റെ ജീവരക്തമായി ജലം വറ്റാതെ നിലനിൽക്കാൻ കാരണമെന്താണ്? അൽപം മാത്രം അറിവ് നൽകപ്പെട്ട മനുഷ്യന്റെ തലപുകക്കുന്ന ഇത്തരം സങ്കീർണമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവത്തിന്റെ വചനമായ ക്വുർആനിനെക്കാൾ ഉത്തമമായ ഒരു അവലംബവും നമുക്ക് കാണാൻ സാധ്യമല്ല.**

യോഗ്യമായിത്തീരുകയും അതിന്റെ മുക്കാൽ ഭാഗത്തിലധികം ജലംകൊണ്ട് മൂടുകയും ചെയ്തു.

ഭൂമിയിലെ ജലസ്രോതസ്സിനെക്കുറിച്ച് ശാസത്രജ്ഞർക്ക് വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. ഭൗമജലത്തിന്റെ ഉറവിടം ഉൽക്കകളാണെന്നും വാൽനക്ഷത്രങ്ങളാണെന്നും ഊർട്ട് മേഘങ്ങളാണെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഈ മൂന്ന് മാർഗത്തിൽ ഏതിലൂടെയാണെങ്കിലും ജലവാഹിനികളായ ഇവ ഭൂമിയിൽ പതിച്ചയുടനെ അവയിലൂള്ള ജലം ഭൂമിയുടെ താപം മൂലം നീരാവിയായി മാറുകയും അന്തരീക്ഷപാളികൾ ഈ നീരാവിയെ ബഹിരാകാശത്തേക്ക് പോകാതെ സംരക്ഷിക്കുകയും ചെയ്തിരിക്കാം. സമുദ്രജലത്തിലും ഹാലി എന്ന വാൽനക്ഷത്രത്തിലും കാണപ്പെടുന്ന 'ഡിറ്റീരിയം' എന്ന ഐസോടോപ്പാണ് ഇത്തരം ഒരു നിഗമനത്തിലെത്താൻ ശാസ്ത്രജ്ഞരെ പ്രേരിപ്പിച്ചത്. ഭൂമിയിലെ ജലത്തെക്കുറിച്ച് ഇപ്പറഞ്ഞ നീരീക്ഷണങ്ങളെല്ലാതെ വെറെയും നിഗമനങ്ങളുണ്ട്.

പല മാർഗങ്ങളിലൂടെയും ഭൂമിയിൽ പതിച്ച വെള്ളം നീരാവീയായി മാറിയെങ്കിലും അത് അന്തരീക്ഷ പാളി വിട്ടുപോകാതെ ഘനീഭവിച്ച് നിൽക്കുകയും പിന്നീട് മില്യൺകണക്കിന് വർഷങ്ങൾ നീണ്ടു നിൽക്കുന്ന പേമാരിയായി അത് വർഷിക്കുകയും ചെയ്തതുകൊണ്ടാണ് ഭൂഗോളത്തിന്റെ മുക്കാൽ ഭാഗവും മൂടിയ ഈ ജലസംമ്പത്ത് രൂപപ്പെട്ടതെന്നാണ് ശാസ്ത്ര ഗവേഷണ നീരീക്ഷണങ്ങളുടെ ഫലമായുള്ള അനുമാനങ്ങളുടെ സംക്ഷിപ്തം. സുദീർഘമായ കാലയളവ് നീണ്ടുനിന്ന ഒരു പേമാരിയിലൂടെ മാത്രമെ പതിനായിരക്കണക്കിന് മീറ്റർ ആഴമുള്ള സമുദ്രാന്തർഭാഗം നിറക്കാൻ സാധിക്കുകയുള്ളൂ. പിന്നീട് ഈ ജല

ത്തിന്റെ ഒരംശം നീരാവിയായി മേൽപ്പോട്ടുയരുകയും വീണ്ടും മഴയായി വർഷിക്കുകയും ചെയ്തുകൊണ്ട് ഭൂമിയിലെ ജീവന്റെ നിലനിൽപ്പിന് ആവശ്യമായ ഒരു ജലചക്രം രൂപപ്പെടുകയും ചെയ്തു. ജീവഭൂമിയിലെ കാർബൺ ഡൈഓക്സൈഡിന്റെ ഏറ്റക്കുറവിനനുസരിച്ച് ഈ ജലം ബാഷ്പീകരിച്ച് പെയ്യുന്ന വർഷപാതത്തിന്റെ അളവിലും വ്യതിയാനം സംഭവിച്ചിട്ടുണ്ട്. സമുദ്രജലം ബാഷ്പീകരിച്ച് മേലോട്ട് ഉയരുന്ന സമയത്ത് ഉപ്പിന്റെ അംശം കൂടിക്കലരാത്തതുകൊണ്ടാണ് ശുദ്ധമായ മഴവെള്ളം നമുക്ക് ലഭിക്കുന്നത്. ഇക്കാര്യം ഒരു ദൃഷ്ടാന്തമായി ക്വുർആൻ സൂറഃഅൽവാകിഅ 68,69,70 വചനങ്ങളിൽ എടുത്ത് പറയുന്നുണ്ട്.

**അല്ലാഹു ആകാശത്തുനിന്ന് മഴ വർഷിപ്പിച്ചുവെന്ന് ക്വുർആൻ ധാരാളം വചനങ്ങളിലൂടെ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇക്കാര്യം വ്യക്തമാക്കാൻ വേണ്ടി അറബിഭാഷയിലെ 'നസല' എന്ന ക്രിയയുടെ രണ്ട് രൂപങ്ങളാണ് ക്വുർആനിൽ പ്രയോഗിച്ചിട്ടുള്ളത്. 'നസ്സല', 'അൻസല' എന്നീ രണ്ട് പദങ്ങളാണ് അവ. രണ്ട് പ്രയോഗങ്ങൾക്കും മലയാള ഭാഷയിൽ 'ഇറക്കി' എന്ന അർഥമാണുള്ളത്. എന്നാൽ നസ്സല എന്ന പദം അതിന്റെ ഭാഷാഘടനയനുസരിച്ച് ദീർഘനാൾ നീണ്ടുനിൽക്കുന്ന ഒരു പ്രവർത്തനത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ 'അൻസല' എന്ന് പറയുമ്പോൾ പ്രക്രിയക്ക് ഒരു കാലദൈർഘ്യം ആവശ്യമായി വരുന്നില്ല. ക്വുർആനിൽ സൂറഃആലുഇംറാൻ മൂന്നാം വചനത്തിൽ ഈ രണ്ട് പദപ്രയോഗങ്ങളും വന്നിട്ടുണ്ട്.**

ഭൂമിയിൽ രണ്ട് രൂപത്തിലുള്ള വർഷപാതം സംഭവിച്ചിട്ടുണ്ട് എന്നാണ് ശാസ്ത്ര നിരീക്ഷണങ്ങൾ വെളിപ്പെടുത്തുന്നത്. ഒന്ന് മില്യൺ കണക്കിന് വർഷങ്ങൾ നീണ്ടുനിന്ന അതിശക്തമായ പേമാരിയാണ്. ഈ പെരുമഴയാണ് കത്തിജ്വലിക്കുന്ന ഭൂമിയെ തണുപ്പിക്കുകയും ഭൂമിയിലെ ജലാശയങ്ങളിൽ വെള്ളം നിറയാൻ നിമിത്തമാകുകയും ചെയ്തത്. പിന്നീട് ആ വെള്ളം അന്തരീക്ഷ താപത്തിനനുസരിച്ച് ബാഷ്പീകരിച്ചിട്ടാണ് സാധാരണ നാം കാണുന്ന മഴ വർഷിച്ചുകൊണ്ടിരിക്കുന്നത്. ഈ രണ്ട് രൂപത്തിലുള്ള മഴയെക്കുറിച്ചുമുള്ള വ്യക്തമായ പരാമർശങ്ങൾ വിശുദ്ധ ക്വുർആനിൽ അടങ്ങിയിട്ടുണ്ട് എന്ന വസ്തുത ഈ വേദത്തിന്റെ ദൈവികത വെളിപ്പെടുത്തുന്നതാണ്.

അല്ലാഹു ആകാശത്തുനിന്ന് മഴ വർഷിപ്പിച്ചുവെന്ന് ക്വുർആൻ ധാരാളം വചനങ്ങളിലൂടെ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇക്കാര്യം വ്യക്തമാക്കാൻ വേണ്ടി അറബിഭാഷയിലെ 'നസല' എന്ന ക്രിയയുടെ രണ്ട് രൂപങ്ങളാണ് ക്വുർആനിൽ പ്രയോഗിച്ചിട്ടുള്ളത്. 'നസ്സല,' 'അൻസല' എന്നീ രണ്ട് പദങ്ങളാണ് അവ. രണ്ട് പ്രയോഗങ്ങൾക്കും മലയാള ഭാഷയിൽ 'ഇറക്കി' എന്ന അർഥമാണുള്ളത്. എന്നാൽ നസ്സല എന്ന പദം അതിന്റെ ഭാഷാഘടനയനുസരിച്ച് ദീർഘനാൾ നീണ്ടുനിൽക്കുന്ന ഒരു പ്രവർത്തനത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ 'അൻസല' എന്ന് പറയുമ്പോൾ പ്രക്രിയക്ക് ഒരു കാലദൈർഘ്യം ആവശ്യമായി വരുന്നില്ല. ക്വുർആനിൽ സൂറഃആലുഇംറാൻ മൂന്നാം വചനത്തിൽ ഈ രണ്ട് പദപ്രയോഗങ്ങളും വന്നിട്ടുണ്ട്.

"അവൻ ഈ വേദഗ്രന്ഥത്തെ മുൻവേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചുതന്നിരിക്കുന്നു. അവൻ തൗറാത്തും ഇൻജീലും അവതരിപ്പിച്ചു."

ഇതിൽ 'നസ്സല' എന്ന പദം ക്വുർആൻ ഇറക്കിയതിനെക്കുറിച്ചും 'അൻസല' എന്ന പദം തൗറാത്ത്, ഇഞ്ചീൽ എന്നിവ ഇറക്കിയതിനെക്കുറിച്ചുമാണ് ഉപയോഗിച്ചിരിക്കുന്നത്. ക്വുർആൻ ഇറങ്ങിയത് 23 വർഷം നീണ്ടു നിൽക്കുന്ന ഒരു ദീർഘ കാലയളവിലാണ്. അതുകൊണ്ടാണ് 'നസ്സല' എന്ന് പ്രയോഗിച്ചത്. എന്നാൽ തൗറാത്തും ഇഞ്ചീലും ഇറങ്ങിയത് ദീർഘമായ കാലയളവിലല്ലാത്തതുകൊണ്ടാണ് അവ ഇറക്കിയതിനെക്കുറിച്ച് 'അൻസല' എന്ന പദം പ്രയോഗിച്ചത്. എന്നാൽ



‘ഖുർആൻ അനുഗ്രഹത്തിന്റെ രാത്രിയിൽ അവതരിച്ചു’ എന്ന് പറയുന്നിടത്ത് ‘അൻസല’ എന്ന പദം തന്നെയാണ് പ്രയോഗിച്ചിട്ടുള്ളത്. കാരണം ആ രാത്രിയിൽ ലൗഹുൽ മഹ്ഫൂദിൽനിന്ന് ഒന്നാം ആകാശത്തേക്ക് ഖുർആൻ ഒന്നിച്ച് ഇറക്കിയതിനെക്കുറിച്ചാണ് പറയുന്നത്. പിന്നീട് അവിടെനിന്ന് ഘട്ടം ഘട്ടമായി 23 വർഷത്തെ കാലയളവിൽ നബി(സ്വ)ക്ക് അവതരിക്കുകയുമാണുണ്ടായത്. ഖുർആൻ അവതരണത്തെക്കുറിച്ച് പറയുമ്പോൾ ആദ്യം ഇറക്കിയതിനെക്കുറിച്ച് ‘അൻസല’ എന്നും രണ്ടാമത് ഇറക്കിയതിനെക്കുറിച്ച് ‘നസ്സല’ എന്നുമാണ് പ്രയോഗിച്ചിട്ടുള്ളത്.

ഖുർആനിൽ ‘ആകാശത്തുനിന്ന് വെള്ളമിറക്കി’ എന്ന് പറയുന്നിടത്തും ‘നസ്സല,’ ‘അൻസല’ എന്നീ രണ്ട് പദങ്ങളും പ്രയോഗിച്ചതായി കാണാം. ഈ വചനങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യുകയാണെങ്കിൽ ‘നസ്സല’ എന്ന പദം പ്രയോഗിച്ചത് മില്യൺകണക്കിന് വർഷങ്ങൾ നീണ്ടുനിന്ന മഴയെക്കുറിച്ചും ‘അൻസല’ എന്ന് പറഞ്ഞത് ഇപ്പോൾ പെയ്തുകൊണ്ടിരിക്കുന്ന മണിക്കൂറുകളോ ദിവസങ്ങളോ നീണ്ടു നിൽക്കുന്ന മഴയെക്കുറിച്ചുമാണെന്ന് കണ്ടെത്താൻ കഴിയും. ആകാശത്തുനിന്നും വെള്ളമിറക്കി, അത് മൂലം സസ്യങ്ങളും ചെടികളും കായ്കനികളും ഫലവർഗങ്ങളും ഉണ്ടാക്കി എന്ന് ഖുർആനിൽ പല വചനങ്ങളിലായി വ്യത്യസ്ത രൂപത്തിൽ വ്യക്തമാക്കുന്നുണ്ട്.

“അവനത്രെ തന്റെ അനുഗ്രഹത്തിന് (മഴയ്ക്കു) മുമ്പായി സന്തോഷവാർത്ത അറിയിച്ചുകൊണ്ട് കാറ്റുകളെ അയക്കുന്നവൻ. അങ്ങനെ അവ (കാറ്റുകൾ) ഭാരിച്ച മേഘത്തെ വഹിച്ചുകഴിഞ്ഞാൽ നിർജീവമായ വല്ല നാട്ടിലേക്കും നാം അതിനെ നയിച്ചുകൊണ്ട് പോകുകയും, എന്നിട്ടവിടെ വെള്ളം ചൊരിയുകയും, അതുമൂലം എല്ലാതരം കായ്കനികളും നാം പുറത്ത് കൊണ്ടുവരികയും ചെയ്യുന്നു. അതുപോലെ നാം മരണപ്പെട്ടവരെ



**ഖുർആനിൽ ‘ആകാശത്തുനിന്ന് വെള്ളമിറക്കി’ എന്ന് പറയുന്നിടത്തും ‘നസ്സല,’ ‘അൻസല’ എന്നീ രണ്ട് പദങ്ങളും പ്രയോഗിച്ചതായി കാണാം. ഈ വചനങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യുകയാണെങ്കിൽ ‘നസ്സല’ എന്ന പദം പ്രയോഗിച്ചത് മില്യൺ കണക്കിന് വർഷങ്ങൾ നീണ്ടുനിന്ന മഴയെക്കുറിച്ചും ‘അൻസല’ എന്ന് പറഞ്ഞത് ഇപ്പോൾ പെയ്തുകൊണ്ടിരിക്കുന്ന മണിക്കൂറുകളോ ദിവസങ്ങളോ നീണ്ടു നിൽക്കുന്ന മഴയെക്കുറിച്ചുമാണെന്ന് കണ്ടെത്താൻ കഴിയും. ആകാശത്തുനിന്നും വെള്ളമിറക്കി, അത് മൂലം സസ്യങ്ങളും ചെടികളും കായ്കനികളും ഫലവർഗങ്ങളും ഉണ്ടാക്കി എന്ന് ഖുർആനിൽ പല വചനങ്ങളിലായി വ്യത്യസ്ത രൂപത്തിൽ വ്യക്തമാക്കുന്നുണ്ട്.**

പുറത്ത് കൊണ്ടുവരുന്നതാണ്. നിങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കുന്നവരായേക്കാം” (അൽഅഅ്റാഫ് 57).

“(നബിയേ,) നീ അവർക്ക് ഐഹികജീവിതത്തിന്റെ ഉപമ വിവരിച്ചുകൊടുക്കുക: ആകാശത്തുനിന്ന് നാം വെള്ളം ഇറക്കി. അതുമൂലം ഭൂമിയിൽ സസ്യങ്ങൾ ഇടകലർന്ന് വളർന്നു. താമസിയാതെ അത് കാറ്റുകൾ പറത്തിക്കളയുന്ന തുരുമ്പായിത്തീർന്നു. (അതുപോലെയത്രെ ഐഹികജീവിതം). അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു”(അൽകഹ്ഫ് 45).

“നാം ആകാശത്തുനിന്ന് വെള്ളം ഇറക്കിയിട്ട് അതുമൂലം മനുഷ്യർക്കും കാലികൾക്കും ഭക്ഷിക്കാനുള്ള ഭൂമിയിലെ സസ്യങ്ങൾ ഇടകലർന്നു വളർന്നു. അങ്ങനെ ഭൂമി അതിന്റെ അലങ്കാരമണിയുകയും അത് അഴകാർന്നതാകുകയും അവയൊക്കെ കരസ്ഥമാക്കാൻ തങ്ങൾക്ക് കഴിയുമാറായെന്ന് അതിന്റെ ഉടമസ്ഥർ വിചാരിക്കുകയും ചെയ്തപ്പോഴതാ ഒരു രാത്രിയോ പകലോ നമ്മുടെ കൽപന അതിന് വന്നെത്തുകയും, തലേദിവസം അവയൊന്നും അവിടെ നിലനിന്നിട്ടേയില്ലാത്ത മട്ടിൽ നാമവയെ ഉൻമൂലനം ചെയ്യപ്പെട്ട അവസ്ഥയിലാക്കുകയും ചെയ്യുന്നു. ഇതുപോലെ മാത്രമാകുന്നു ഐഹികജീവിതത്തിന്റെ ഉപമ. ചിന്തിക്കുന്ന ആളുകൾക്കു വേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു” (യൂനുസ് 24).



ഈ വചനങ്ങളിലെല്ലാംതന്നെ 'അൻസല' എന്ന പദമാണ് പ്രയോഗിച്ചിട്ടുള്ളത്. കാരണം ആ മഴ കൊണ്ടുള്ള ഉദ്ദേശം നമുക്ക് പരിചിതമായ മഴയാണ്. മേഘങ്ങളിൽനിന്നും ശുദ്ധജലമിറക്കി, നിങ്ങൾക്കുള്ള കുടിനീരിറക്കി, ആ വെള്ളം മൂലം ഭൂമിയെ ഹരിത ഭംഗിയുള്ളതാക്കി എന്ന് പറയുന്നിടത്തും ക്വുർആനിൽ 'അൻസല' എന്ന പദമാണ് പ്രയോഗിച്ചിട്ടുള്ളത്. കാരണം അതുകൊണ്ടെല്ലാം ഉദ്ദേശിക്കുന്നത് ഇപ്പോൾ പെയ്തുകൊണ്ടിരിക്കുന്ന മഴയാണ്. ക്വുർആനിലെ സുറഃഅൽഹജ്ജ് 50, അന്നബഅ് 14, അൽഹിജ്ർ 22, അൽമുഅ്മിനൂൻ 18, അൽഫുർകാൻ 48, അൽഹജ്ജ് 63 എന്നീ വചനങ്ങൾ പരിശോധിക്കുകയാണെങ്കിൽ ഈ വസ്തുത മനസ്സിലാക്കാൻ കഴിയും.

ക്വുർആനിൽ മഴയിറക്കിയതിനെക്കുറിച്ച് 'നസ്സല' എന്ന പദം പ്രയോഗിച്ചത്, അൽഅൻകബൂത്ത് 63, അസ്സുഖ്റുഫ് 11 എന്നീ വചനങ്ങളിലാണ്.

"ആകാശത്തുനിന്ന് വെള്ളം ചൊരിയുകയും ഭൂമി നിർജീവമായി കിടന്നതിനുശേഷം അതുമൂലം അതിന് ജീവൻ നൽകുകയും ചെയ്തതാരെന്ന് നീ അവരോട് ചോദിക്കുന്നപക്ഷം തീർച്ചയായും അവർ പറയും; അല്ലാഹുവാണെന്ന്. പറയുക: അല്ലാഹുവിന് സ്തുതി! പക്ഷേ, അവരിൽ അധികപേരും ചിന്തിച്ച് മനസ്സിലാക്കുന്നില്ല."

"ആകാശത്തുനിന്ന് ഒരു തോതനുസരിച്ച് വെള്ളം വർഷിച്ചുതരികയും ചെയ്തവൻ. എന്നിട്ട് അതുമൂലം നാം നിർജീവമായ രാജ്യത്തെ പുനരുജ്ജീവിപ്പിച്ചു. അതുപോലെ തന്നെ നിങ്ങളും (മരണാനന്തരം) പുറത്തു കൊണ്ടുവരപ്പെടുന്നതാണ്."

ഈ സൂക്തങ്ങൾ പരിശോധിക്കുകയാണെങ്കിൽ അവയോട് അനുബന്ധിച്ച് കുടിനീർ, സസ്യങ്ങൾ ഫലവർഗങ്ങൾ എന്നീ അനുഗ്രഹങ്ങൾ എടുത്തുപറയുന്നതായി കാണുന്നില്ല. മറിച്ച് നിർജീവമായ ഭൂമിയെ പുനരുജ്ജീവിപ്പിച്ചു എന്ന് മാത്രമാണ് അവയിൽ പറയുന്നത്. അപ്പോൾ, ജ്വലിക്കുന്ന ഭൂമിയെ ജീവയോഗ്യമാക്കിതും മില്യൺ കണക്കിന് വർഷങ്ങളോളം പെയ്തിറങ്ങിയതുമായ പേമാരിയെക്കുറിച്ചാണ് നസ്സല എന്ന പദം ഉൾകൊള്ളുന്ന ഈ ക്വുർആൻ വചനങ്ങൾ സൂചിപ്പിക്കുന്നത്. കാരണം ഈ പെരുമഴ കാരണമായി സസ്യങ്ങൾ മുളക്കുകയോ ഫലവർഗങ്ങൾ ഉത്പാദിപ്പിക്കപ്പെടുകയോ ഉണ്ടായിട്ടില്ല. അതുപോലെ ആ വെള്ളം കുടിക്കാൻ അന്ന് ഭൂമുഖത്ത് മനുഷ്യരോ കാലികളോ ജീവിച്ചിരിക്കുകയും ചെയ്തിരുന്നില്ല. എന്നാൽ 'അൻസല' എന്ന പദം ഉൾകൊള്ളുന്ന വചനങ്ങളിലെല്ലാംതന്നെ അനുബന്ധമായി ചെടികളെക്കുറിച്ചും കായ്കനികളെക്കുറിച്ചും കുടിവെള്ളത്തെക്കുറിച്ചും പ്രതിപാദിക്കുന്നുമുണ്ട്. ഒരു ക്രിയയുടെ സമാന അർഥത്തിലുള്ള രണ്ട് വകഭേദങ്ങളിലൂടെ ക്വുർആൻ രണ്ട് ബൃഹത്തായ ആശയതലങ്ങളെയാണ് സൂചിപ്പിക്കുന്നത്, ഒരു ക്രിയാധാതുവിന് തന്നെ അനവധി വകഭേദങ്ങൾ എന്നത് അറബിഭാഷയുടെ മാത്രം പ്രത്യേകതയാണ്. അറബിഭാഷയിൽ ക്വുർആൻ അവതരിപ്പിച്ചതിൽ ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നും ക്വുർആൻ വെളിപ്പെടുത്തുന്നുണ്ട്.

ആകാശത്തുനിന്ന് രണ്ട് രൂപത്തിലുള്ള മഴയാണ് ഭൂമിയിൽ വർഷിച്ചിട്ടുള്ളത്. ഒന്ന് ബില്യൺ കണക്കിന് വർഷങ്ങൾക്ക് മുമ്പ് മില്യൺ കണക്കിന് വർഷങ്ങൾ നീണ്ടുനിന്ന പെരുമഴക്കാലം. രണ്ടാമത്തേത് മഴക്കാല സീസണുകളിൽ പെയ്തിറങ്ങുന്ന സാധാരണ മഴ. ഈ രണ്ട് മഴയുടെയും ഗുണവിശേഷണങ്ങൾ വിവരിക്കാൻ പേജുകൾ തന്നെ വേണ്ടിവരും. എന്നാൽ ക്വുർആൻ 'നസ്സല,' 'അൻസല' എന്നീ രണ്ട് പദങ്ങൾകൊണ്ടാണ് ഈ ഗഹനമായ ആശയങ്ങൾ വ്യക്തമാക്കുന്നത്. ഈ പദപ്രയോഗത്തിലൂടെ അറബി സാഹിത്യത്തിലെ അതികായന്മാരെയും ആധുനിക ശാസ്ത്രത്തിന്റെ അപ്പോസ്തലന്മാരെയും അതിശയിപ്പിക്കുകയാണ് ക്വുർആൻ ചെയ്യുന്നത്.

**ആകാശത്തുനിന്ന് രണ്ട് രൂപത്തിലുള്ള മഴയാണ് ഭൂമിയിൽ വർഷിച്ചിട്ടുള്ളത്. ഒന്ന് ബില്യൺ കണക്കിന് വർഷങ്ങൾക്ക് മുമ്പ് മില്യൺ കണക്കിന് വർഷങ്ങൾ നീണ്ടുനിന്ന പെരുമഴക്കാലം. രണ്ടാമത്തേത് മഴക്കാല സീസണുകളിൽ പെയ്തിറങ്ങുന്ന സാധാരണ മഴ. ഈ രണ്ട് മഴയുടെയും ഗുണവിശേഷണങ്ങൾ വിവരിക്കാൻ പേജുകൾ തന്നെ വേണ്ടിവരും. എന്നാൽ ക്വുർആൻ 'നസ്സല,' 'അൻസല' എന്നീ രണ്ട് പദങ്ങൾകൊണ്ടാണ് ഈ ഗഹനമായ ആശയങ്ങൾ വ്യക്തമാക്കുന്നത്. ഈ പദപ്രയോഗത്തിലൂടെ അറബി സാഹിത്യത്തിലെ അതികായന്മാരെയും ആധുനിക ശാസ്ത്രത്തിന്റെ അപ്പോസ്തലന്മാരെയും അതിശയിപ്പിക്കുകയാണ് ക്വുർആൻ ചെയ്യുന്നത്.**

മധുരം ജീവിതം



# ആരാധന അല്ലാഹുവിന്ന് മാത്രം

**ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര**

**: 99460 42525**

"ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു; നിന്നോട് മാത്രം സഹായം തേടുന്നു'' (ക്വുർആൻ 1:5).

ഒരു വസ്തുവിന്/ശക്തിക്ക് മുന്നിൽ നിർവഹിക്കുന്ന പരമമായ കീഴ്വണക്കത്തെ ആരാധന എന്ന് പറയാം. ഇസ്‌ലാമിന്റെ അടിസ്ഥാന നിർദേശങ്ങളിലെ പരമപ്രധാനമായ കാര്യമാണ്, ഈ കീഴ്വണക്കം അഥവാ ആരാധന ലോകത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന ഏകനും അജയ്യനുമായ അല്ലാഹുവിന്ന് മാത്രമെ നിർവഹിക്കാവൂ എന്നത്.

മനുഷ്യർക്ക് മാർഗദർശികളായി നിയോഗിക്കപ്പെട്ട മുഴുവൻ പ്രവാചകൻമാരും പ്രഥമവും പ്രധാനവുമായി ഉണർത്തിയതും സമൂഹത്തെ നിരന്തരം ക്ഷണിച്ചതും ഈ കാര്യത്തിലേക്കാണെന്നും ക്വുർആനിലൂടെ സഞ്ചരിച്ചാൽ സുതരാം വ്യക്തമാകും. എന്തുകൊണ്ടാണ് ഏകദൈവാരാധനക്ക് ഇസ്‌ലാം ഇത്ര പ്രാധാന്യം നൽകിയത്?

അത് ലോകത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന, പങ്കുകാരില്ലാത്ത, ഏകദൈവമായ അല്ലാഹുവിന്ന് അവന്റെ അടിമകൾ നിർവഹിക്കേണ്ട ബാധ്യതയും അവനുമാത്രം ലഭിക്കേണ്ട അവകാശവുമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ലോകത്ത് ഇതിനു വിപരീതമായി ആരാധന നിർവഹിക്കുന്നവരുണ്ടോ? ഉണ്ട്! വിവിധ മതവിഭാഗങ്ങളിൽ പെട്ടവർ കല്ലുകൾ, ജീവികൾ, സൂര്യൻ, ചന്ദ്രൻ, ദേവതകൾ, മലക്കുകൾ പ്രവാചകൻമാർ, മരണപ്പെട്ടുപോയ മനുഷ്യർ, ജീവിച്ചിരിക്കുന്ന മനുഷ്യർ തുടങ്ങി പലതിനെയും രക്ഷകരും പ്രതിസന്ധികളിൽ സഹായിക്കുന്നവരുമായി കരുതി ആരാധിക്കുന്നവരും പൂജിക്കുന്നവരുമാണ്.

മുസ്‌ലിംകൾക്കിടയിൽ അല്ലാഹുവിനല്ലാതെ ആരാധനകൾ വരാൻ സാധ്യതയുണ്ടോ? ഉണ്ട്! എല്ലാ പ്രവാചകൻമാരും അവരുടെ സമൂഹങ്ങളിൽ പ്രബോധനം നടത്തി. അല്ലാഹുവിനെ മാത്രം ആരാധിക്കേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തിക്കൊടുത്തു. അത് തിരസ്‌കരിച്ചവരും സ്വീകരിച്ചവരുമുണ്ട്. സ്വീകരിച്ച ജനങ്ങൾക്കിടയിൽതന്നെ പ്രവാചകൻമാരുടെ കാലശേഷം ശിർക്ക് (ബഹുദൈവാരാധന) കടന്നുവന്നിട്ടുണ്ട്. പ്രവാചകൻമാർ ജീവിച്ചിരുന്നപ്പോൾ തന്നെ അനുയായികളിൽ പെട്ടവർ ശിർക്കിലേക്ക് നീങ്ങിയ സംഭവവും ഉണ്ടായിട്ടുണ്ട്.

മുഹമ്മദ് നബി(സ്വ)യുടെ സമുദായത്തിൽ ശിർക്ക് കടന്നുവരാൻ സാധ്യതയുണ്ടോ? സാധ്യതയുണ്ട്! ഈ ഉമ്മത്ത് ശിർക്ക് വരാതെ സംരക്ഷിക്കപ്പെടും എന്ന് നബി(സ്വ) പറഞ്ഞുതന്നിട്ടില്ല. ശിർക്കിലേക്ക് പോകാതെ നോക്കണേ എന്ന് ആവർത്തിച്ച് നബി(സ്വ) ഓർമപ്പെടുത്തിയിട്ടുണ്ട് താനും.

തന്റെ സന്തതസഹചാരിയായ അബൂബക്‌റി(റ)നോടാണ് നബി(സ്വ) 'ശിർക്ക് ഉറുമ്പരിച്ചു കയറുന്നതിനെക്കാൾ ഗോപ്യമായ നിലയിൽ നിങ്ങളിലേക്ക് അരിച്ചുകയറാനിടയുണ്ടെ'ന്ന് ഓർമപ്പെടുത്തിയതും ഇങ്ങനെ പ്രാർഥിക്കാനാവശ്യപ്പെട്ടതും: 'അല്ലാഹുവേ, ഞാനറിഞ്ഞുകൊണ്ട് നിന്നിൽ ശിർക്ക് ചെയ്യുന്നതിനെ സംബന്ധിച്ച് നിന്നോട് കാവൽ ചോദിക്കുന്നു, അറിയാതെ ശിർക്ക് വരുന്നതിൽ നിന്നും പാപമോചനം തേടുന്നു' (ബുഖാരി; അദബുൽ മുഫ്‌റദ്).

ഇന്നത്തെ മുസ്‌ലിം ഉമ്മത്തിൽ ശിർക്കുപരമായ കാര്യങ്ങളുണ്ടാവാനിടയുണ്ടോ? ഉണ്ട്! മരിച്ചുപോയ മഹാൻമാരായ ഔലിയാക്കളും മറ്റും പ്രയാസഘട്ടങ്ങളിൽ നമ്മെ സഹായിക്കുമെന്നും അങ്ങനെ സഹായിക്കാനായി അല്ലാഹു അവർക്ക് കഴിവ് നൽകിയിട്ടുണ്ടെന്നും വിശ്വസിക്കുന്ന ധാരാളം സഹോദരൻമാർ നമുക്കിടയിലുണ്ട്.

ഒരുവേള അറിവില്ലാത്തതുകൊണ്ടാകും അവർ അങ്ങനെ കരുതുന്നതും ചെയ്യുന്നതും. എന്നാൽ ഇത് ഗുരുതരമായ തെറ്റാണെന്ന് ബോധ്യമുള്ള പണ്ഡിതൻമാർ അവരെ തിരുത്താതിരിക്കുകയും അവർക്ക് പ്രോത്സാഹനം നൽകുകയുമാണ് ചെയ്യുന്നത്. സംഘടനാകിടമൽസരങ്ങൾക്കിടയിൽ നാം നഷ്ടപ്പെടുത്തുന്നത് നമ്മുടെ പരലോകമാണ് എന്ന് എല്ലാവരും ഓർത്തിരുന്നെങ്കിൽ! ■



# നമ്മുടെ രാജ്യത്തെ കോടതികൾ

അബൂആദം അയ്മൻ

**റെന്റ് കൺട്രോൾ കോടതി**

റെന്റ് കൺട്രോൾ കോടതി (Rent Cotnrol Court) കെട്ടിടത്തിന്റെ വാടക നിശ്ചയിച്ചുകിട്ടുന്നതിനും കെട്ടിടത്തിൽനിന്ന് വാടകക്കാരെ ഒഴിപ്പിച്ചുകിട്ടുന്നതിനും മറ്റുമുള്ള ഹർജികൾ തീർച്ചചെയ്യുന്നതിനുള്ള കോടതിയാണ്. അതത് സ്ഥലത്തെ മുൻസിഫ് കോടതിയായിരിക്കും റെന്റ് കൺട്രോൾ കോടതിയായും പ്രവർത്തിക്കുക. മുൻസിഫ് റെന്റ് കൺട്രോളർകൂടിയായിരിക്കും. വിധിയിന്മേൽ സബ്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

**മൊബൈൽ കോടതി**

മൊബൈൽ കോടതി (Mobile Court) ട്രാഫിക് കുറ്റകൃത്യങ്ങൾ തുടങ്ങിയവ വിചാരണ ചെയ്യുന്ന കോടതിയാണ്. വാഹനത്തിൽ, തെരഞ്ഞെടുത്ത സ്ഥാനങ്ങളിലെത്തി ആ വാഹനത്തിൽത്തന്നെയായിരിക്കും കോടതി ചേരുക. റോഡിൽ നടക്കുന്ന ചില കുറ്റകൃത്യങ്ങൾ, മൃഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ എന്നിവയും ഈ കോടതിയുടെ വിചാരണാധികാര പരിധിയിൽ വരുന്നതാണ്. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെ പദവിയിലുള്ള ആളാണ് മൊബൈൽ കോടതിയിലെ ന്യായാധിപൻ.

**റെയിൽവേ മജിസ്ട്രേറ്റ് കോടതി**

റെയിൽവേ മജിസ്ട്രേറ്റ് കോടതി (Railway Magistrate Court) റെയിൽ കുറ്റകൃത്യങ്ങൾ (റെയിൽവേ ടിക്കറ്റോ പാസ്സോ ഇല്ലാതെ ട്രെയിനിൽ യാത്ര ചെയ്യുക, റിസർവേഷൻ ഇല്ലാതെ റിസർവേഷൻ കംപാർട്ടുമെന്റിൽ സ്ഥാനം പിടിക്കുക, രണ്ടാം ക്ലാസ്സ് ടിക്കറ്റെടുത്ത് ഒന്നാം ക്ലാസ്സിൽ യാത്ര ചെയ്യുക, ട്രെയിനിന്റെ ചവിട്ടുപടിയിലോ മേൽക്കൂരയ്ക്കു മുകളിലോ, ലഗ്ഗേജ് വാനിലോ ഇരുന്നു യാത്ര ചെയ്യുക, അപായച്ചങ്ങല അനാവശ്യമായി വലിക്കുക, ട്രെയിനിൽ മദ്യപിച്ച് ശല്യമുണ്ടാക്കുക, പുകവലിക്കുക, ഭിക്ഷ യാചിക്കുക, ട്രെയിനിലോ പ്ലാറ്റ്ഫോമിലോ അനധികൃത കച്ചവടം നടത്തുക, റെയിൽവേ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവഹണത്തെ തടസ്സപ്പെടുത്തുക മുതലായവ വിചാരണ ചെയ്യുന്ന കോടതിയാണ്. ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് ആയിരുന്നവരെയോ, സെഷൻസ് കോടതിയിലോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലോ ശിരസ്തദാർ ആയിരുന്നവരെയോ, റിട്ടയർ ചെയ്ത ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റുമാരെയോ ആണ് ഈ കോടതിയിൽ മജിസ്ട്രേറ്റായി നിയമിക്കുന്നത്.

**സ്പെഷ്യൽ കോടതി**

പൊതുപ്രാധാന്യമുള്ള കേസുകളോ ചില പ്രത്യേക സ്വഭാവത്തോടുകൂടിയ കേസുകളോ വിചാരണ ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് പ്രത്യേകമായി രൂപവൽക്കരിക്കുന്ന കോടതിയാണിത്. കേസിന്റെ തീർച്ചയോടെ കോടതിയുടെ പ്രവർത്തനവും അവസാനിക്കും.

**സായാഹ്ന കോടതി**

വൈകുന്നേരം അഞ്ചുമണി മുതൽ രാത്രി എട്ടുമണിവരെയാണ് ഇത് പ്രവർത്തിക്കുന്നത്. ഈ കോടതി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് നഗരങ്ങളിലാണുള്ളത്. മുൻസിഫ് മജിസ്ട്രേറ്റ് തസ്തികയിലുള്ളവരാണ് ന്യായാധിപന്മാർ.

**സൈബർ കോടതി**

വിവരസാങ്കേതികവിദ്യ മേഖലയിലെ കുറ്റകൃത്യങ്ങൾ (Cyber Crimes) സംബന്ധിച്ച കേസുകൾ കേൾക്കുന്ന കോടതിയാണിത്. ഇന്ത്യയിൽ ആദ്യത്തെ സൈബർ കോടതി 2009 ജൂലൈയിൽ ന്യൂഡൽഹിയിൽ നിലവിൽവന്നു ■

# ഓട്ടിസം; ലക്ഷണങ്ങളും കാരണങ്ങളും

3

ഡോ. മുനവ്വർ



**ബുദ്ധിക്കുറവ്**
(Intellectual Deficit)

ഓട്ടിസം ബാധിച്ചിട്ടുള്ള ഏതാണ്ട് 75 ശതമാനം പേരിലും ബുദ്ധിശക്തി കുറവായിട്ടാണ് കണ്ടുവരുന്നത്. എന്നാൽ ബുദ്ധിശക്തിക്കുറവും ഓട്ടിസവും ഒന്നാണെന്നു പറയാവുന്നതുമല്ല. ഓട്ടിസത്തിലെ അസാമാന്യതയും ബുദ്ധിപരമായ കുറവും തമ്മിൽ പ്രത്യേകബന്ധം ഉണ്ട് എന്നു പറയുന്നതാകും ശരി. ചിന്താശക്തിയിൽ പൊതുവിൽ കാണുന്ന കുറവ് ഭാഷാപരമായ കഴിവിനെയും മറ്റു പഠന വൈദഗ്ധ്യങ്ങളെയും പ്രതികൂലമായി ബാധിക്കും.

**ഓട്ടിസത്തിന്റെ നിയന്ത്രണം**

താഴെ പറയുന്ന മാർഗങ്ങൾ അവലംബിച്ച് ഓട്ടിസത്തെ ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കാവുന്നതാണ്.


*(എ) വിദ്യാഭ്യാസം (Education):* പ്രത്യേക പരിശീലനം നേടിയിട്ടുള്ള അധ്യാപകർക്കോ അല്ലെങ്കിൽ മനോരോഗ ചികിൽസാവിദഗ്ധന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന അധ്യാപകർക്കോ ഓട്ടിസത്തെ ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കാവുന്നതാണ്. സംസാരശേഷി വർധിപ്പിക്കുന്നതിനുള്ള വൈദഗ്ധ്യം ആർജിക്കുന്നതിനും അതുവഴി സാമൂഹിക ഇടപെടലുകൾക്കുള്ള മാർഗം സൃഷ്ടിക്കുന്നതിനുമാണ് ഇത്തരം അധ്യാപകർ ഊന്നൽ നൽകാറുള്ളത്.

*(ബി) വ്യവഹാര പരിഷ്കരണം (Behavioural Modification):* പല വ്യവഹാര ന്യൂനതകളും പരിഹരിക്കുന്നതിന് ഈ സമ്പ്രദായം വളരെ ഫലപ്രദമായിട്ടാണ് കാണുന്നത്. പ്രവൃത്തികൾക്ക് പ്രതിഫലവും ശിക്ഷയും നൽകുന്ന തത്ത്വം അനുസരിച്ചാണ് വ്യവഹാരത്തിൽ പരിഷ്കരണം അഥവാ മാറ്റം ഉളവാക്കുന്നത്. ഐ.പി.പവ്ലോവ്, ജെ.ബി വാട്ട്സൺ, ബി.എഫ് സ്കിന്നർ എന്നിവരാണ് ഈ സിദ്ധാന്തത്തിന്റെ പ്രമുഖ വക്താക്കൾ. ഓട്ടിസം മൂലമുള്ള അപസാമാന്യത പുലർത്തുന്ന കുട്ടികളുടെ ആശയവിനിമയത്തിനുള്ള കഴിവും സാമൂഹികവൽക്കരണത്തിനുള്ള കഴിവും വർധിപ്പിക്കുന്നതിന് ഈ മാർഗം ഉപയോഗപ്പെടുത്തിവരുന്നു.

**രക്ഷാകർത്താക്കളെ ഉപദേശിക്കൽ**
(Parental Counselling)

ഓട്ടിസം ബാധിച്ച കുട്ടികളെ; വിശേഷിച്ചും അവർ കോപിഷ്ഠരാകുമ്പോൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നതിനെ സംബന്ധിച്ച് രക്ഷാകർത്താക്കൾക്ക് പ്രായോഗികപരിജ്ഞാനം നൽകുകയാണ് ഈ അപസാമാന്യത പരിഹരിക്കുന്നതിനുള്ള മറ്റൊരു മാർഗം. തങ്ങളുടെ കുട്ടികളിൽ അടിസ്ഥാനപരമായിട്ടുള്ള സാമൂഹിക വൈദഗ്ധ്യം വികസിപ്പിച്ചെടുക്കേണ്ട മാർഗങ്ങൾ ഇവരെ പഠിപ്പിക്കാവുന്നതാണ്. ഓട്ടിസം ബാധിച്ചവരെ പ്രത്യേക സ്ഥാപനങ്ങളിൽ പരിചരിക്കുന്ന പതിവ് മനശ്ശാസ്ത്രജ്ഞന്മാർ ഇപ്പോൾ നിരുത്സാഹപ്പെടുത്തിവരികയാണ്. അതിന് ചില ദോഷവശങ്ങൾ ഉള്ളതായിട്ട് അവർ കണ്ടുപിടിച്ചതാണ് കാരണം. അതിനാൽ പ്രത്യേക കേന്ദ്രങ്ങളിൽവച്ച് രക്ഷാകർത്താക്കൾക്ക് തങ്ങളുടെ കുട്ടികളെ നിയന്ത്രിക്കേണ്ട വിധത്തെക്കുറിച്ച് പരിശീലനം നൽകുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്. ഇതിനായി പ്രത്യേക പ്രാവീണ്യം നേടിയിട്ടുള്ള വ്യക്തികളുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

**(അവലംബം)**



# അല്ലാഹു എത്ര പരിശുദ്ധൻ

ഡോ. എം. ഉസ്മാൻ

*“അല്ലാഹു തങ്ങളെ സൃഷ്ടിച്ചിരിക്കെ അവർ ജിന്നുകളെ അല്ലാഹുവിനു പങ്കുകാരാക്കിയിരിക്കുന്നു. യാതൊരറിവും കൂടാതെ അല്ലാഹുവിനു പുത്രന്മാരെയും പുത്രിമാരെയും അവർ ആരോപിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പരിശുദ്ധനാണ്. അവർ ആരോപിക്കുന്നതിൽ നിന്നെല്ലാം ഉന്നതനുമാണ്. (യാതൊരു മുൻമാതൃകയുമില്ലാതെ) ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനാകുന്നു അവൻ. അവന്നു സന്താനമുണ്ടാകുന്നതെങ്ങനെ? അവന്നു ഭാര്യയുണ്ടായിട്ടില്ലല്ലോ! അവൻ എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചു, അവൻ എല്ലാ സംഗതികളും പൂർണമായി അറിയുന്നവനാണ്. അവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു; അവനല്ലാതെ വേറൊരു ആരാധ്യനേയില്ല. സകല വസ്തുക്കളുടെയും സ്രഷ്ടാവ്! അതുകൊണ്ട് അവനെ നിങ്ങൾ ആരാധിക്കുവിൻ; അവൻ എല്ലാ സംഗതികൾക്കും ഭരമേൽപിക്കപ്പെടേണ്ടവനാണ്. കണ്ണുകൾ അവനെ പ്രാപിക്കയില്ല; അവൻ കണ്ണുകളെ പ്രാപിക്കും. അവൻ സൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു.”*

*(അൽഅൻആം 101-103).*

പ്രപഞ്ചകർത്താവായ അല്ലാഹുവിനെപ്പറ്റി പരിശുദ്ധ ക്വുർആൻ തരുന്ന വിവരണങ്ങൾ നിസ്തുലമാണ്. അല്ലാഹുവിങ്കൽനിന്നുള്ള ഗ്രന്ഥത്തിനല്ലാതെ അത്ര കണിശമായും




ആധികാരികമായും അത്തരം വിവരണങ്ങൾ നൽകുക സാധ്യമല്ല. മനുഷ്യന്റെ ഭാവന എല്ലാ കാലത്തും അവന്റെ പ്രതിബിംബമായ ഒരു ദൈവത്തെ സങ്കൽപിക്കുവാനാണ് വെമ്പൽകൊണ്ടിട്ടുള്ളത്. മനുഷ്യന്റെ ദൗർബല്യങ്ങളും സ്വഭാവങ്ങളും ഏറെക്കുറെ ദൈവത്തിനും ആരോപിച്ചുകൊണ്ടുള്ള ദൈവസങ്കൽപങ്ങൾ എല്ലാ കാലത്തും മനുഷ്യൻ നിർമിച്ചുണ്ടാക്കിയിട്ടുണ്ട്. പിശാചിന്റെ പ്രേരണയും ബോധനവും മനുഷ്യനെ ഈ മാർഗത്തിൽ കൂടി വളരെ വളരെ ദൂരം അപഥ സഞ്ചാരം ചെയ്യിക്കുകയും സത്യത്തിൽനിന്നു തീരെ അകന്ന് അന്ധകാരത്തിൽ അറ്റംകാണാതെ ഉഴലുന്ന നിലയിലെത്തിക്കുകയും ചെയ്യുന്നു. സ്രഷ്ടാവിനെ ദേവീദേവൻമാരുമായി ബന്ധപ്പെടുത്തിക്കൊണ്ടും, സന്താനങ്ങളും കുടുംബവും ഭാര്യമാരുമെല്ലാം ആരോപിച്ചുകൊണ്ടും മറ്റുമുള്ള ബാലിശവും ജുഗുപ്സാവഹവുമായ ഒട്ടേറെ കെട്ടുകഥകൾ മനുഷ്യനും പിശാചും ഒത്തുചേർന്ന് നിർമിച്ചുണ്ടാക്കിയിട്ടുണ്ട്. പൂർവികവേദഗ്രന്ഥങ്ങൾ അല്ലാഹുവിനെ സംബന്ധിച്ചു നൽകിയിരുന്ന സത്യസമ്പൂർണമായ വിജ്ഞാനങ്ങളെ ഈ തരത്തിലുള്ള കെട്ടുകഥകളും ഭാവനകളുമായി കൂട്ടിക്കുഴക്കുകയും, സത്യവും അസത്യവും തമ്മിൽ തിരിച്ചറിയാൻ വയ്യാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാക്കുകയും ചെയ്തിരുന്നു. അങ്ങനെയുള്ള ഘട്ടങ്ങളിലായിരുന്നു അല്ലാഹുവിന്റെ പ്രവാചകന്മാർ വീണ്ടും വീണ്ടും വന്ന് ദൈവിക ഗ്രന്ഥങ്ങളും സന്ദേശങ്ങളും മനുഷ്യർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് സത്യവും അസത്യവും വേർതിരിച്ചുകൊടുത്തിരുന്നത്.

എന്നാൽ വേദഗ്രന്ഥങ്ങൾ അവതരിച്ച് കുറച്ചുകഴിയുമ്പോഴേക്ക് പ്രവാചകന്മാർ കൊണ്ടുവന്നതിൽ മായം ചേർക്കപ്പെടുന്നു. ഐഹിക ജീവിത പ്രതിപത്തി ബാധിച്ച പൗരോഹിത്യവും മതനേതാക്കളും പിശാചിന്റെ പ്രേരണക്കു വശംവദരായി ദൈവിക സന്ദേശങ്ങളിൽ കൂടി അവരുടെ സ്വന്തം ഭാവനകളും സങ്കൽപങ്ങളും കൂട്ടിക്കുഴക്കുന്നു. ഇതാണ് തൗറാത്തിനും ബൈബിളിനുമെല്ലാം സംഭവിച്ചിട്ടുള്ളത്.

“നിനക്കുമുമ്പ് ഏതെങ്കിലും ദൂതനെയോ പ്രവാചകനെയോ നാം അയച്ചിട്ട് അദ്ദേഹം പാരായണം ചെയ്തുകൊടുത്താൽ, അദ്ദേഹം പാരായണം ചെയ്തുകൊടുത്തതിൽ പിശാച് കൂട്ടിച്ചേർക്കാതിരുന്നിട്ടില്ല. അപ്പോൾ പിശാച് കൂട്ടിച്ചേർത്തത് അല്ലാഹു നീക്കിക്കളയും; പിന്നെ അല്ലാഹു അവന്റെ വചനങ്ങളെ ഉറപ്പിക്കും. അല്ലാഹു സർവജ്ഞനും അഗാധജ്ഞനുമത്രെ. പിശാച് കൂട്ടിച്ചേർത്തത് ഹൃദയത്തിൽ രോഗമുള്ളവർക്കും ഹൃദയം കടുത്തവർക്കും ഒരു പരീക്ഷണമാകുന്നതിനുവേണ്ടി. അക്രമികൾ വിദൂരമായ ശത്രുതയിലാണ്. നിശ്ചയം അറിവ് നൽകപ്പെട്ടവർ അതുതന്നെയാണ് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമെന്ന് അറിയുകയും അങ്ങനെ അതിൽ വിശ്വസിക്കുകയും അവരുടെ ഹൃദയങ്ങൾ അതിനു കീഴ്പെടുകയും ചെയ്യാൻ വേണ്ടിയും; അല്ലാഹു വിശ്വസിച്ചവരെ നേർവഴിയിലാക്കുന്നവനാണ്” (അൽഹജ്ജ് 52-54).

തൗറാത്ത്, ബൈബിൾ മുത

**പ്രപഞ്ചകർത്താവായ അല്ലാഹുവിനെപ്പറ്റി പരിശുദ്ധ ക്വുർആൻ തരുന്ന വിവരണങ്ങൾ നിസ്തുലമാണ്. അല്ലാഹുവിങ്കൽനിന്നുള്ള ഗ്രന്ഥത്തിനല്ലാതെ അത്ര കണിശമായും ആധികാരികമായും അത്തരം വിവരണങ്ങൾ നൽകുക സാധ്യമല്ല. മനുഷ്യന്റെ ഭാവന എല്ലാ കാലത്തും അവന്റെ പ്രതിബിംബമായ ഒരു ദൈവത്തെ സങ്കൽപിക്കുവാനാണ് വെമ്പൽകൊണ്ടിട്ടുള്ളത്. മനുഷ്യന്റെ ദൗർബല്യങ്ങളും സ്വഭാവങ്ങളും ഏറെക്കുറെ ദൈവത്തിനും ആരോപിച്ചുകൊണ്ടുള്ള ദൈവസങ്കൽപങ്ങൾ എല്ലാ കാലത്തും മനുഷ്യൻ നിർമിച്ചുണ്ടാക്കിയിട്ടുണ്ട്. പിശാചിന്റെ പ്രേരണയും ബോധനവും മനുഷ്യനെ ഈ മാർഗത്തിൽ കൂടി വളരെ വളരെ ദൂരം അപഥ സഞ്ചാരം ചെയ്യിക്കുകയും സത്യത്തിൽനിന്നു തീരെ അകന്ന് അന്ധകാരത്തിൽ അറ്റംകാണാതെ ഉഴലുന്ന നിലയിലെത്തിക്കുകയും ചെയ്യുന്നു.**



**ദീർഘിച്ച ഇരുപത്തിമൂന്നു കൊല്ലക്കാലം കൊണ്ട് പൂർത്തിയാക്കപ്പെട്ട ആ ഗ്രന്ഥം അല്ലാഹുവിങ്കൽ നിന്നുള്ളതായിരുന്നില്ലെങ്കിൽ വൈരുധ്യങ്ങളുടെ ഒരു സമാഹാരമാകുമായിരുന്നു. സന്തോഷത്തിലും സന്താപത്തിലും, ആശയിലും നിരാശയിലും, യുദ്ധത്തിലും സമാധാനത്തിലും, ക്ഷാമത്തിലും ക്ഷേമത്തിലും എല്ലാം മാറിമാറിക്കൊണ്ടിരുന്ന ജീവിതാനുഭവങ്ങളുടെ വൈവിധ്യം ആദർശമണ്ഡലത്തിലും പ്രതിഫലിക്കുമായിരുന്നു. ബൈബിളിലും മറ്റു പൂർവികവേദങ്ങളിലും കാണുന്ന വൈരുധ്യങ്ങൾക്കെല്ലാം കാരണം അവയിൽ പിൽക്കാലത്തുണ്ടായ മനുഷ്യരുടെ കൈകടത്തലാണ്.**

ലായ മുൻവേദഗ്രന്ഥങ്ങളിലും ഭഗവത്ഗീത, ഉപനിഷത്തുകൾ മുതലായ പൗരാണിക വേദങ്ങളിലുമെല്ലാം സംഭവിച്ചിട്ടുള്ളത് ഈ കൈകടത്തലാണ്. അവകളിലെല്ലാം സത്യവും അസത്യവും കൂട്ടിക്കുഴച്ചിരിക്കുകയാണ്. പരലോകവിശ്വാസം നശിച്ചു ഹൃദയ കാഠിന്യം ബാധിച്ച് മനുഷ്യരുടെ ഭാവനകളെ തൃപ്തിപ്പെടുത്തക്കവിധം പിശാച് അവന്റെ കഴിവിനനുസരിച്ച് അവയിലെല്ലാം മായം ചേർത്തിരിക്കുന്നു. വേദഗ്രന്ഥങ്ങളിൽ അവസാനത്തേതായ പരിശുദ്ധ ക്വുർആൻ മാത്രമെ ഈ ആപത്തിൽനിന്നു രക്ഷപ്പെട്ടിട്ടുള്ളൂ. യാതൊരുവിധ കൂട്ടിച്ചേർക്കലിനും കൈകടത്തലിനും വിധേയമാകാതെ, ഒരു വള്ളിപുള്ളിക്കു വ്യത്യാസമില്ലാതെ, സത്യവും അസത്യവും വേർതിരിക്കുന്ന ആ ദൈവികഗ്രന്ഥം അവസാനനാൾ വരെ നിലനിൽക്കും.

"അതിന്റെ മുന്നിൽനിന്നോ പിന്നിൽനിന്നോ അതിലേക്ക് അസത്യം വരികയില്ല. അഗാധജ്ഞനും സ്തുത്യർഹനമായവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാണത്" (ഫുസ്സിലത് 42).

ലോകമുസ്‌ലിംകളുടെ ഇടയിൽ എണ്ണമറ്റ കക്ഷികളും വിഭാഗങ്ങളുമുണ്ടെങ്കിലും, പരിശുദ്ധ ക്വുർആൻ ഒന്നുമാത്രമേയുള്ളൂ. എല്ലാവരും അതംഗീകരിക്കുന്നു. ഒരു വാക്കിനോ അക്ഷരത്തിനോ വ്യത്യാസമില്ലാതെ എല്ലാ രാജ്യങ്ങളിലും എല്ലാ വിഭാഗം മുസ്‌ലിംകളുടെയും ഇടയിലും അതു സംരക്ഷിക്കപ്പെട്ടിരിക്കുന്നു. മുഹമ്മദ് നബി(സ്വ)യുടെ ജീവിതത്തിന്റെ അവസാനത്തെ ഇരുപത്തിമൂന്നു കൊല്ലക്കാലത്ത് പല ഘട്ടങ്ങളിലായി അപ്പപ്പോൾ അവതരിപ്പിക്കപ്പെട്ട ക്വുർആനിലെ വചനങ്ങൾ ക്രോഡീകരിക്കപ്പെട്ടതും ഗ്രന്ഥരൂപത്തിലാക്കപ്പെട്ടതും പിൽക്കാലത്താണല്ലോ. എന്നിട്ടും ക്വുർആന്റെ കാര്യത്തിൽ വള്ളിപുള്ളിക്ക് വ്യത്യാസമില്ലാത്ത തരത്തിലുള്ള ഈ ഐക്യം സാധ്യമായി എന്നത് ആശ്ചര്യകരമാണ്. അതൊരു ദൈവിക ദൃഷ്ടാന്തം തന്നെയാണ്.

"തീർച്ചയായും നാം തന്നെയാണ് ഈ ദിക്റിനെ (ക്വുർആനെ) ഇറക്കിയിരിക്കുന്നത്. അതിനെ നാം നിശ്ചയമായും കാത്തുസൂക്ഷിക്കുകയും ചെയ്യും" (ഹിജ്ർ 9).

മുമ്പുള്ള ദൈവിക ഗ്രന്ഥങ്ങൾ വിധേയമായതുപോലെയുള്ള മാറ്റിത്തിരുത്തലുകൾക്കും കൈകടത്തലുകൾക്കും പരിശുദ്ധ ക്വുർആൻ വിധേയമായിട്ടില്ല; വിധേയമാകുന്നതുമല്ല. പരസ്പര വിരുദ്ധങ്ങളായി ആ ഗ്രന്ഥത്തിൽ ഒന്നും കാണുക സാധ്യമല്ല. ഇരുപത്തിമൂന്നു കൊല്ലക്കാലത്തെ പ്രവാ ചകന്റെ ജീവിതത്തിന്റെ പല ഘട്ടങ്ങളിലായി അവതരിപ്പിക്കപ്പെട്ട പരിശുദ്ധ ക്വുർആനിലെ സൂക്തങ്ങളിൽ ഒരു വൈരുധ്യവും കാണുന്നില്ല എന്നതുതന്നെ അതിന്റെ ദൈവികത്വത്തിന്റെ ഒരുത്തമ ദൃഷ്ടാന്തമാണ്. മനുഷ്യനിർമിതമായ സാഹിത്യകലാസൃഷ്ടികളിലും പ്രത്യയശാസ്ത്രങ്ങളിലും കാണുന്ന തരത്തിലുള്ള വൈരുധ്യങ്ങളൊന്നും പരിശുദ്ധ ക്വുർആനിൽ കാണുകയില്ല.


"അത് അല്ലാഹുവല്ലാത്ത ആരിൽ നിന്നെങ്കിലുമായിരുന്നെങ്കിൽ തീർച്ചയായും അവർക്കതിൽ വളരെയധികം വൈരുധ്യങ്ങൾ കാണാമായിരുന്നു" (അന്നിസാഅ് 82).

ദീർഘിച്ച ഇരുപത്തിമൂന്നു കൊല്ലക്കാലം കൊണ്ട് പൂർത്തിയാക്കപ്പെട്ട ആ ഗ്രന്ഥം അല്ലാഹുവിങ്കൽ നിന്നുള്ളതായിരുന്നില്ലെങ്കിൽ വൈരുധ്യങ്ങളുടെ ഒരു സമാഹാരമാകുമായിരുന്നു. സന്തോഷത്തി

ലും സന്താപത്തിലും, ആശയിലും നിരാശയിലും, യുദ്ധത്തിലും സമാധാനത്തിലും, ക്ഷാമത്തിലും ക്ഷേമത്തിലും എല്ലാം മാറിമാറിക്കൊണ്ടിരുന്ന ജീവിതാനുഭവങ്ങളുടെ വൈവിധ്യം ആദർശമണ്ഡലത്തിലും പ്രതിഫലിക്കുമായിരുന്നു. ബൈബിളിലും മറ്റു പൂർവികവേദങ്ങളിലും കാണുന്ന വൈരുധ്യങ്ങൾക്കെല്ലാം കാരണം അവയിൽ പിൽക്കാലത്തുണ്ടായ മനുഷ്യരുടെ കൈകടത്തലാണ്.

'ബൈബിൾ വിഡ്ഢികളുടെ മതഗ്രന്ഥം' എന്ന പേരിൽ 'ഇടമറുക്' എഴുതിയ പുസ്തകത്തിലെ ചില ഭാഗങ്ങൾ വായിച്ചപ്പോൾ വളരെ വെറുപ്പുതോന്നി. ദൈവത്തെപ്പറ്റി ബൈബിൾ തരുന്ന പരസ്പരവിരുദ്ധങ്ങളായ ആശയങ്ങൾ ഗ്രന്ഥകർത്താവിനെ വളരെയധികം കുഴപ്പത്തിലാക്കിയിരിക്കുന്നു. 'ദൈവമെന്ന വിവരംകെട്ട മഹാപാപി' എന്ന അധ്യായത്തിൽ, ഉൽപത്തി പുസ്തകത്തിലെ ദൈവസങ്കൽപത്തെ ഗ്രന്ഥകാരൻ പരിശോധനാവിധേയമാക്കിയിരിക്കുന്നു. ഇനിയത്തെ പ്രസിദ്ധീകരണം 'യഹോവ സാത്താന്റെ സുഹൃത്ത്' എന്നതാണത്രെ! പ്രസാധകൻ പറയുന്നത് ശ്രദ്ധേയമാണ്. 'എത്ര കൃത്രിമമായ വിശ്വാസമാണ് ദൈവത്തെ സംബന്ധിച്ച് ക്രിസ്ത്യാനികൾ വെച്ചുപുലർത്തുന്നതെന്ന് ഇതു തെളിയിക്കുന്നു' എന്നാണ് പ്രസാധകൻ പറയുന്നത്. ഏതായാലും ദൈവവിശ്വാസികളെയെല്ലാം വേദനിപ്പിക്കുന്ന തരത്തിലുള്ള ഈ 'ഇടമറുക് പ്രസിദ്ധീകരിക്കണം' ബൈബിളിൽ പൗരോഹിത്യവും പുണ്യവാളന്മാരും കൂട്ടിച്ചേർത്ത വ്യാജങ്ങളെ ഒരുവിധത്തിൽ തുറന്നുകാണിക്കുന്നു.

'ലോകപാപം ആവിർഭവിച്ചത് മുതൽ അത് ഇല്ലാതാക്കാൻ ദൈവം ശ്രമിക്കുന്നതായി കാണുന്നു. പാപികളെ ജലപ്രളയം കൊണ്ടു നശിപ്പിച്ചു (ഉൽപത്തി 7, 8 അധ്യായത്തിൽ) സോദോമും ഗോമോറയും തീയിറക്കി ഉന്മൂലനാശം വരുത്തി (ഉൽപത്തി 19). ലോ



**"അവർ പറയുന്നു: 'പരമ കാരുണികൻ ഒരു മകനെ കൈക്കൊണ്ടിട്ടുണ്ട്. തീർച്ചയായും നിഷിദ്ധമായ ഒരു കാര്യം നിങ്ങൾ കൊണ്ടുവരികയാണ്. ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളരുകയും മലകൾ തകർന്നു വീഴുകയും ചെയ്യുമാറാകുന്നുണ്ട്; പരമകാരുണികന് ഒരു മകനെ അവർ ആരോപിക്കുന്നു എന്നതിനാൽ! ഒരു മകനെ സ്വീകരിക്കുക എന്നതു പരമകാരുണികന് യോജിക്കയില്ല. ആകാശഭൂമിയിലുള്ള ഏവനും പരമകാരുണികന്റെ അടുത്ത് ദാസനായി വരുന്നവൻ മാത്രമാണ്" (മർയം 88-94).**

കജനതയിൽ യഹൂദന്മാർ എന്നൊരു വിഭാഗത്തെ തിരഞ്ഞെടുത്തു നന്നാക്കാൻ ശ്രമിച്ചു; പറ്റിയില്ല. അവസാനം സ്വപുത്രൻ (അതോ ദൈവം തന്നെയോ?) ഭൂമിയിൽ അവതരിച്ചു. മനുഷ്യൻ ആ ദൈവത്തെ കഴുകിലേറ്റി. അങ്ങനെ ദൈവത്തിന്റെ സർവശക്തിയെ മനുഷ്യർ പരാജയപ്പെടുത്തിക്കളഞ്ഞു. ആ പരാജയത്തിന്റെ കഥയിലൂടെ ബൈബിൾ. ദൈവം സർവശക്തനല്ലെന്നത് തെളിയിക്കുകയാണ്.'

അല്ലാഹുവിനു സന്താനത്തെ ആരോപിക്കുകയും, ദൈവപുത്രൻ ഭൂമിയിൽ അവതരിച്ച് മനുഷ്യരുടെയെല്ലാം പാപത്തിന് പ്രായച്ഛിത്തമായി ക്രൂശിക്കപ്പെട്ടുവെന്നും മറ്റും കെട്ടിച്ചമക്കുകയും ചെയ്തപ്പോൾ ദൈവസങ്കൽപത്തിൽതന്നെ പല വൈരുധ്യങ്ങളും പാകപ്പിഴവുകളും കടന്നുകൂടി. പാപത്തെപ്പറ്റിയും പാപമോചനത്തെപ്പറ്റിയുമെല്ലാമുള്ള ക്രിസ്തീയ ധാരണകൾ പൗരോഹിത്യത്തിന്റെ സൃഷ്ടിയാണ്. അവരുടെ സ്വാധീനവും നീരാളിപ്പിടുത്തവും സമൂഹത്തിൽ ഉറപ്പിക്കത്തക്ക നിലക്കാണ് ഈ സങ്കൽപങ്ങളെല്ലാം നിർമിക്കപ്പെട്ടിട്ടുള്ളത്. പരിശുദ്ധ ഖുർആൻ അല്ലാഹുവിന് ഒരു സന്താനത്തെ ആരോപിക്കുന്നതിനെ സംബന്ധിച്ച് എത്ര കർശനമായിട്ടാണ് പറയുന്നത്.

"അവർ പറയുന്നു: 'പരമ കാരുണികൻ ഒരു മകനെ കൈക്കൊണ്ടിട്ടുണ്ട്. തീർച്ചയായും നിഷിദ്ധമായ ഒരു കാര്യം നിങ്ങൾ കൊണ്ടുവരികയാണ്. ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളരുകയും മലകൾ

**പരിശുദ്ധ ക്വുർആൻ, അല്ലാഹുവിനെപ്പോലെ യാതൊന്നുമില്ല എന്നും അവന്നു തുല്യനായി ആരുമില്ല എന്നും പറയുന്നു. ബൈബിൾ, ദൈവത്തിന്റെ രൂപത്തിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നും പറയുന്നു. അല്ലാഹുവിനു സന്താനമുണ്ടാകുക എന്ന ആശയത്തോടു യോജിക്കുന്ന ഒരു സങ്കൽപം ന്നെയാണു മനുഷ്യൻ ദൈവസ്വരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന അനുമാനവും. അപ്പോൾ ദൈവത്തിന് ഒരു മനഷ്യസന്താനമുണ്ടാകുന്നതിൽ വലിയ പാകപ്പിഴവില്ലല്ലോ. 'ബൈബിൾ വിഡ്ഢികളുടെ മതഗ്രന്ഥം' എന്ന പേരിൽ ഇടമറുക് എഴുതിയ ഗ്രന്ഥത്തിലെ ക്രിസ്തീയ ദൈവസങ്കൽപത്തെപ്പറ്റിയുള്ള വിമർശനം ക്രിസ്ത്യാനികളെ ഒരു ആത്മപരിശോധനക്കു പ്രേരിപ്പിക്കേണ്ടതാണ്. പ്രവാചകൻമാർ പഠിപ്പിച്ച തത്ത്വങ്ങൾ മറന്നുകൊണ്ട് പൗരോഹിത്യം കെട്ടിച്ചമച്ചുണ്ടാക്കിയ 'ദൈവപുത്ര സങ്കൽപം' വിശ്വസിക്കാൻ ചിന്തിക്കുന്നവർക്കു വളരെയേറെ പ്രയാസമായിരിക്കും**

തകർന്നുവീഴുകയും ചെയ്യുമാറാകുന്നുണ്ട്; പരമകാരുണികന് ഒരു മകനെ അവർ ആരോപിക്കുന്നു എന്നതിനാൽ! ഒരു മകനെ സ്വീകരിക്കുക എന്നതു പരമകാരുണികന് യോജിക്കയില്ല. ആകാശഭൂമിയിലുള്ള ഏവനും പരമകാരുണികന്റെ അടുത്ത് ദാസനായി വരുന്നവൻ മാത്രമാണ്'' (മർയം 88-94).

അല്ലാഹുവിന് ഒരു സന്താനമുണ്ടാകുക എന്ന സങ്കൽപം പോലെ ഭയങ്കരമായ ഒരു കളവ് വേറെ എന്തുണ്ട്? പ്രപഞ്ചത്തിന്റെ നിലനിൽപുതന്നെ അപകടപ്പെടുത്താൻ മാത്രം അത്രയും നിഷിദ്ധമായ ഒരാരോപണമാണത്. ആകാശങ്ങളിലും ഭൂമിയിലുള്ള എത്ര ഉന്നതരായ സൃഷ്ടികളും അല്ലാഹുവിന്റെ അടിമകൾ മാത്രമാണ്. ദൈവപുത്രൻ എന്ന പരമനിഷിദ്ധമായ സങ്കൽപം സ്വീകരിക്കുകയും, ആ സങ്കൽപത്തെ ന്യായീകരിക്കുവാൻ ദൈവികഗ്രന്ഥമായ ബൈബിളിൽ പരസ്പര വിരുദ്ധങ്ങളായ പലതും കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുള്ളത് ഇടമറുകിനെപ്പോലത്തവർക്ക് ഇങ്ങനെയുള്ള 'ദൈവവിരുദ്ധ' പ്രസിദ്ധീകരണങ്ങൾക്ക് ന്യായീകരണം നൽകുന്നു.

എന്നാൽ പരിശുദ്ധ ക്വുർആൻ അത്തരം എല്ലാ വൈരുധ്യങ്ങളിൽ നിന്നും വിമുക്തമാണ്. സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനെപ്പറ്റി ക്വുർആൻ നൽകുന്ന വിവരണങ്ങൾ നിസ്തുലമാണ്, പരിശുദ്ധമാണ്. യുഗയുഗങ്ങളായി മനുഷ്യരും പിശാചും കൂട്ടുചേർന്നുണ്ടാക്കിയിട്ടുള്ള എല്ലാവിധ മാലിന്യങ്ങളിൽനിന്നും അസത്യസങ്കൽപങ്ങളിൽനിന്നും വിമുക്തമായ സത്യം അല്ലാഹുവിങ്കൽനിന്നുള്ള ആ പരിശുദ്ധ ഗ്രന്ഥം മനുഷ്യരുടെ മുമ്പിൽ വെക്കുന്നു.

"പറയുക; കാര്യം ഇതാകുന്നു: അല്ലാഹു ഏകനാകുന്നു. അല്ലാഹു തന്നെയാണ് യജമാനൻ. അവൻ ജനിപ്പിച്ചിട്ടില്ല. ജനിപ്പിക്കപ്പെട്ടിട്ടുമില്ല. അവന്നു തുല്യനായി ആരുമില്ല'' (അൽഇഖ്ലാസ്).

"അവനെപ്പോലെ ഒരു വസ്തുവുമില്ല. അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്'' (ശൂറാ 11).

"മറ്റുള്ളതെല്ലാം സൃഷ്ടിച്ചശേഷം ദൈവം പറയുന്നു: 'നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യരെ ഉണ്ടാക്കുക. ഇങ്ങിനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു'' (ഉൽപത്തി 1: 26, 27).

പരിശുദ്ധ ക്വുർആൻ, അല്ലാഹുവിനെപ്പോലെ യാതൊന്നുമില്ല എന്നും അവന്നു തുല്യനായി ആരുമില്ല എന്നും പറയുന്നു. ബൈബിൾ, ദൈവത്തിന്റെ രൂപത്തിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നും പറയുന്നു. അല്ലാഹുവിനു സന്താനമുണ്ടാകുക എന്ന ആശയത്തോടു യോജിക്കുന്ന ഒരു സങ്കൽപം ന്നെയാണു മനുഷ്യൻ ദൈവസ്വരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന അനുമാനവും. അപ്പോൾ ദൈവത്തിന് ഒരു മനഷ്യസന്താനമുണ്ടാകുന്നതിൽ വലിയ പാകപ്പിഴവില്ലല്ലോ. 'ബൈബിൾ വിഡ്ഢികളുടെ മതഗ്രന്ഥം' എന്ന പേരിൽ ഇടമറുക് എഴുതിയ ഗ്രന്ഥത്തിലെ ക്രിസ്തീയ ദൈവസങ്കൽപത്തെപ്പറ്റിയുള്ള വിമർശനം ക്രിസ്ത്യാനികളെ ഒരു ആത്മപരിശോധനക്കു പ്രേരിപ്പിക്കേണ്ടതാണ്. പ്രവാചകൻമാർ പഠിപ്പിച്ച തത്ത്വങ്ങൾ മറന്നുകൊണ്ട് പൗരോഹിത്യം കെട്ടിച്ചമച്ചുണ്ടാക്കിയ 'ദൈവപുത്ര സങ്കൽപം' വിശ്വസിക്കാൻ ചിന്തിക്കുന്നവർക്കു വളരെയേറെ പ്രയാസമായിരിക്കും.

"പ്രതാപവാനായ നിന്റെ രക്ഷിതാവ് അവർ ആരോപിക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധൻ! ദൂതന്മാരുടെമേൽ സമാധാനം. ലോകങ്ങളുടെ നാഥനായ അല്ലാഹുവിന് സർവസ്തുതിയും'' (സ്വാഫാത്ത് 180-182). (സൽസബീൽ മാസിക 1994 ആഗസ്റ്റ്) ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 45

# അൽജാസിയ

(മുട്ടുകുത്തുന്നവ)

(മക്കയിൽ അവതരിച്ചത്)

وَخَلَقَ ٱللَّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ
وَلِتُجْزَىٰ كُلُّ نَفْسٍۭ بِمَا كَسَبَتْ
وَهُمْ لَا يُظْلَمُونَ ﴿٢٢﴾

أَفَرَءَيْتَ مَنِ ٱتَّخَذَ إِلَٰهَهُۥ هَوَىٰهُ وَأَضَلَّهُ ٱللَّهُ عَلَىٰ
عِلْمٍ وَخَتَمَ عَلَىٰ سَمْعِهِۦ وَقَلْبِهِۦ وَجَعَلَ عَلَىٰ
بَصَرِهِۦ غِشَٰوَةً فَمَن يَهْدِيهِ مِنۢ بَعْدِ ٱللَّهِ ۚ أَفَلَا
تَذَكَّرُونَ ﴿٢٣﴾

وَقَالُوا۟ مَا هِىَ إِلَّا حَيَاتُنَا ٱلدُّنْيَا نَمُوتُ وَنَحْيَا وَمَا
يُهْلِكُنَآ إِلَّا ٱلدَّهْرُ ۚ وَمَا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ
هُمْ إِلَّا يَظُنُّونَ ﴿٢٤﴾

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُنَا بَيِّنَٰتٍ مَّا كَانَ
حُجَّتَهُمْ إِلَّآ أَن قَالُوا۟ ٱئْتُوا۟ بِـَٔابَآئِنَآ إِن كُنتُمْ
صَٰدِقِينَ ﴿٢٥﴾

22. ആകാശങ്ങളും ഭൂമിയും അല്ലാഹു ശരിയായ ലക്ഷ്യത്തോടെ സൃഷ്ടിച്ചിരിക്കുന്നു. ഓരോ ആൾക്കും താൻ പ്രവർത്തിച്ചതിനുള്ള പ്രതിഫലം നൽകപ്പെടാൻ വേണ്ടിയുമാണ് അത്. അവരോട് അനീതി കാണിക്കപ്പെടുന്നതല്ല.

23. എന്നാൽ തന്റെ ദൈവത്തെ തന്റെ തന്നിഷ്ടമാക്കിയവനെ നീ കണ്ടുവോ? അറിഞ്ഞുകൊണ്ടു തന്നെ അല്ലാഹു അവനെ പിഴവിലാക്കുകയും, അവന്റെ കാതിനും ഹൃദയത്തിനും മുദ്രവെക്കുകയും, അവന്റെ കണ്ണിനുമേൽ ഒരു മൂടി ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ അല്ലാഹുവിന് പുറമെ ആരാണ് അവനെ നേർവഴിയിലാക്കുവാനുള്ളത്? എന്നിരിക്കെ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നില്ലേ?

24. അവർ പറഞ്ഞു: ജീവിതമെന്നാൽ നമ്മുടെ ഐഹികജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു. (വാസ്തവത്തിൽ) അവർക്ക് അതിനെപ്പറ്റി യാതൊരു അറിവുമില്ല. അവർ ഊഹിക്കുക മാത്രമാകുന്നു.

25. നമ്മുടെ ദൃഷ്ടാന്തങ്ങൾ വ്യക്തമായി അവർക്ക് വായിച്ചുകേൾപിക്കപ്പെടുകയാണെങ്കിൽ അവരുടെ ന്യായവാദം നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഞങ്ങളുടെ പിതാക്കളെ (ജീവിപ്പിച്ചു) കൊണ്ടുവരിക എന്ന അവരുടെ വാക്ക് മാത്രമായിരിക്കും.

قُلِ ٱللَّهُ يُحْيِيكُمْ ثُمَّ يُمِيتُكُمْ ثُمَّ يَجْمَعُكُمْ إِلَىٰ يَوْمِ
ٱلْقِيَٰمَةِ لَا رَيْبَ فِيهِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا
يَعْلَمُونَ ﴿٢٦﴾

وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَيَوْمَ تَقُومُ
ٱلسَّاعَةُ يَوْمَئِذٍ يَخْسَرُ ٱلْمُبْطِلُونَ ﴿٢٧﴾

وَتَرَىٰ كُلَّ أُمَّةٍ جَاثِيَةً ۚ كُلُّ أُمَّةٍ تُدْعَىٰ إِلَىٰ كِتَٰبِهَا
ٱلْيَوْمَ تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿٢٨﴾

هَٰذَا كِتَٰبُنَا يَنطِقُ عَلَيْكُم بِٱلْحَقِّ ۚ إِنَّا كُنَّا
نَسْتَنسِخُ مَا كُنتُمْ تَعْمَلُونَ ﴿٢٩﴾

26. പറയുക: അല്ലാഹു നിങ്ങളെ ജീവിപ്പിക്കുന്നു. പിന്നീട് അവൻ നിങ്ങളെ മരിപ്പിക്കുകയും പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിലേക്ക് നിങ്ങളെ അവൻ ഒരുമിച്ചുകൂട്ടുകയും ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. പക്ഷെ മനുഷ്യരിൽ അധികപേരും അറിയുന്നില്ല.

27. അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. ആ അന്ത്യസമയം നിലവിൽ വരുന്ന ദിവസമുണ്ടല്ലോ അന്നായിരിക്കും അസത്യവാദികൾക്കു നഷ്ടം നേരിടുന്ന ദിവസം.

28. (അന്ന്) എല്ലാ സമുദായങ്ങളെയും മുട്ടുകുത്തിയ നിലയിൽ നീ കാണുന്നതാണ്. ഓരോ സമുദായവും അതിന്റെ രേഖയിലേക്ക് വിളിക്കപ്പെടും. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് ഇന്ന് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതാണ്. (എന്ന് അവരോട് പറയപ്പെടുകയും ചെയ്യും.)

29. ഇതാ നമ്മുടെ രേഖ. നിങ്ങൾക്കെതിരായി അത് സത്യം തുറന്നു പറയുന്നതാണ്. തീർച്ചയായും നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതെല്ലാം നാം എഴുതിക്കുന്നുണ്ടായിരുന്നു.

22). (ആകാശങ്ങളും ഭൂമിയും അല്ലാഹു ശരിയായ ലക്ഷ്യത്തോടെ സൃഷ്ടിച്ചിരിക്കുന്നു. ഓരോ ആൾക്കും താൻ പ്രവർത്തിച്ചതിനുള്ള പ്രതിഫലം നൽകപ്പെടാൻ വേണ്ടിയുമാണ് അത്. അവരോട് അനീതി കാണിക്കപ്പെടുന്നതല്ല). യുക്തിഭദ്രമായിട്ടാണ് അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ചത്. അതിനാൽ അവനെ മാത്രം ആരാധിക്കുക. അവന് പങ്കുകാരില്ല. പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ അവർക്ക് നൽകിയവൻ, അവനെ ആരാധിക്കണമെന്ന് അവരോട് കൽപിച്ചവൻ അവരെ വിചാരണ നടത്തുകയും ചെയ്യും. അവർ അല്ലാഹുവിന് നന്ദി കാണിച്ചോ, അവന്റെ കൽപനകൾ നിറവേറ്റിയോ? അതോ അവിശ്വസിക്കുകയും നന്ദികേടിന്റെ പ്രതിഫലനത്തിന് അർഹരായോ എന്നതാണ് വിചാരണ.

23). അല്ലാഹു പറയുന്നു: (നീ കണ്ടുവോ) വഴിതെറ്റിയ മനുഷ്യനെ. (തന്റെ ദൈവത്ത തന്റെ തന്നിഷ്ടമാക്കിയവനെ) അവന്റെ ഇഷ്ടം അവൻ ചെയ്യും. അല്ലാഹു തൃപ്തിപ്പെട്ടാലും വെറുത്താലും അവനൊരു പോലെയാണ്. (അറിഞ്ഞുകൊണ്ടുതന്നെ അല്ലാഹു അവനെ വഴിപിഴവിലാക്കുകയും ചെയ്തു). അല്ലാഹുവിന്നറിയാം ആ സന്മാർഗം അവന് യോജിച്ചതല്ലെന്നും അതിലവൻ നന്നാവില്ലെന്നും. (അവന്റെ കാതിന് മുദ്രവെക്കുകയും) അവൻ ഉപകാരപ്പെടുന്നത് കേൾക്കില്ല. (ഹൃദയത്തിനും) നന്മയിലേക്ക് അവൻ ശ്രദ്ധിക്കുകയില്ല. (അവന്റെ കണ്ണിനുമേൽ ഒരു മൂടി ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു). സത്യം കാണാൻ അതവനെ തടയുന്നു. (അപ്പോൾ അല്ലാഹുവിനുപുറമെ ആരാണ് അവനെ നേർവഴിയിലാക്കാനുള്ളത്?). അതായത്, അവനെ നേർവഴിയിലാക്കാൻ ഒരാളുമില്ല. സന്മാർഗത്തിന്റെ കവാടങ്ങൾ അവന്റെമേൽ അല്ലാഹു അടച്ചു. വഴികേടിന്റെ കവാടങ്ങൾ അവന് തുറന്നുകൊടുക്കുകയും ചെയ്തു. അല്ലാഹു അവനോട് അക്രമം കാണിച്ചിട്ടില്ല. മറിച്ച്, അവൻ തന്നെയാണ് അവനോട് അക്രമം കാണിച്ചത്. അവന്റെമേൽ അല്ലാഹുവിന്റെ കാരുണ്യം തടയാൻ അത് കാരണമാക്കപ്പെട്ടു. (നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നില്ലേ?) ഉപകാരമുള്ളതിനെക്കുറിച്ച്; എന്നിട്ടത് സ്വീകരിക്കുവാനും, ദോഷകരമായതിനെക്കുറിച്ച്; എന്നിട്ടത് ഉപേക്ഷിക്കുവാനും.

24). (അവർ പറഞ്ഞു) ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുന്നവർ. (ജീവിതമെന്നാൽ നമ്മുടെ ഐഹികജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു, നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു). ഇത് ശീലങ്ങൾ മാത്രമാണ്. രാപ്പകലുകളിൽ അത് സംഭവിക്കുന്നു. ചിലർ മരിക്കുന്നു. ചിലർ ജീവിക്കുന്നു. മരിച്ചവർ അല്ലാഹുവിങ്കലേക്ക് മടങ്ങുകയോ അവന്റെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയോ ചെയ്യപ്പെടുകയില്ല. അറിവില്ലായ്മയിൽ നിന്ന് അവരിൽ നിന്നുമുണ്ടാകുന്ന സംസാരാണിത്. (അവർ ഊഹിക്കുക മാത്രമാകുന്നു). അതിനാലവർ തിരിച്ചുവരവിനെ നിഷേധിക്കുന്നു. തെളിവോ പ്രമാണമോ ഇല്ലാതെ സത്യസന്ധരായ പ്രവാചകന്മാരെ അവർ നിഷേധിക്കുന്നു. ഇത് ഊഹം മാത്രമാണ്. യാഥാർഥ്യത്തെക്കുറിച്ച തെറ്റായ ഒരു ധാരണയും.

25). അതാണ് അല്ലാഹു പറഞ്ഞത്: (നമ്മുടെ ദൃഷ്ടാന്തങ്ങൾ വ്യക്തമായി അവർക്ക് വായിച്ചു കേൾപിക്കപ്പെടുകയാണെങ്കിൽ അവരുടെ ന്യായവാദം നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഞങ്ങളുടെ പിതാക്കളെ ജീവിപ്പിച്ച് കൊണ്ടുവരിക എന്ന അവരുടെ വാക്ക് മാത്രമായിരിക്കും) ഇത് അല്ലാഹുവിനോടുള്ള അവരുടെ ധിക്കാരമാണ്. അവർ ഈ ആവശ്യം ഉന്നയിക്കുകയും ദൂതന്മാരുടെ സത്യസന്ധത തങ്ങളുടെ പൂർവികരെ തിരികെ കൊണ്ടുവരുന്നതിനെ ആശ്രയിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുകയും ചെയ്തു. എന്നാൽ, അവർ അവരുടെ അടുക്കൽ എല്ലാ ദൃഷ്ടാന്തങ്ങളും കൊണ്ടുവന്നാലും അവർ പറയുന്നതിനനുസരിച്ച് പ്രവാചകന്മാർ പ്രവർത്തിക്കുന്നതുവരെ അവർ വിശ്വസിക്കുകയില്ല. എന്നാൽ അവർ കളവ് പറയുകയാണ്. സത്യത്തിന് തെളിവ് തേടുകയല്ല, അവരുടെ നിഷേധത്തിന് ന്യായീകരിക്കുക എന്നതായിരുന്നു അവരുടെ ഏകലക്ഷ്യം.

26). അല്ലാഹു പറയുന്നു: പറയുക, അല്ലാഹു നിങ്ങളെ ജീവിപ്പിക്കുന്നു. പിന്നീട് അവൻ നിങ്ങളെ മരിപ്പിക്കുകയും പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിലേക്ക് നിങ്ങളെ അവൻ ഒരുമിച്ചുകൂട്ടുകയും ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല. അന്ത്യദിനത്തെക്കുറിച്ചുള്ള അറിവ് അവുടെ ഹൃദയങ്ങളിലേക്കെത്തിയാൽ മാത്രമെ അതിനുള്ള പ്രവർത്തനങ്ങൾ പ്രവർത്തിക്കുകയും അതിനുവേണ്ടി തയ്യാറാവുകയും ചെയ്യുകയുള്ളൂ.

27). അല്ലാഹു ഇവിടെ പറയുന്നത് അവന്റെ അധികാരത്തിന്റെ വിശാലതയും സദാസമയത്തും നിയന്ത്രണങ്ങളും കൈകാര്യങ്ങളും അവൻ ഒറ്റയ്ക്കാണ് നിർവഹിക്കുന്നത് എന്നുമാണ്. ഒരു ദിവസം (ആ അന്ത്യസമയം നിലവിൽവരുന്ന) ഉയിർത്തെഴുന്നേൽപിന്റെ സ്ഥലത്ത് സൃഷ്ടികൾ ഒരുമിച്ച് കൂട്ടപ്പെടും. അസത്യത്തിന്റെ ആളുകൾക്ക് നഷ്ടം ഭവിക്കും. അവർ സത്യത്തെ തകർക്കാൻ അസത്യത്തെ കൂട്ടുപിടിച്ചവരാണ്. അവരുടെ പ്രവർത്തനങ്ങൾ നിഷ്ഫലമാണ്. കാരണം, അതിനെല്ലാം അസത്യവുമായാണ് ബന്ധം. അതിനാൽ അത് പരലോകത്ത് നിഷ്ഫലമാകും. ഈ ദിവസം സത്യം വ്യക്തമാകും. അവരുടെ എല്ലാ തെറ്റായ വാദങ്ങളും അവർക്ക് പ്രയോജനം ചെയ്യില്ല. പ്രതിഫലം നഷ്ടപ്പെടുകയും ചെയ്യും. വേദനയേറിയ ശിക്ഷക്കവർ വിധേയരാവുകയും ചെയ്യും.

28). ജനങ്ങളെ ഭയപ്പെടുത്താനും തനിക്ക് ആരാധന നിർവഹിക്കുന്നവരെ അതിന് സജ്ജമാക്കാനും ഉയിർത്തെഴുന്നേൽപ് നാളിന്റെ ഭയാനകതയും കാഠിന്യവും അല്ലാഹു ഇവിടെ വിവരിക്കുന്നു. അല്ലാഹു പറയുന്നു: (നീ കാണും) ആ ദിനത്തെ കാണുന്നവൻ. (എല്ലാ സമുദായങ്ങളെയും മുട്ടുകുത്തിയ നിലയിൽ) മുട്ടുകളിൽ, ഭയത്തോടെയും പേടിയോടെയും പരമകാരുണികനായ രാജാധികാരമുള്ളവന്റെ തീരുമാനം പ്രതീക്ഷിച്ച്. (ഓരോ സമുദായവും അതിന്റെ രേഖയിലേക്ക് വിളിക്കപ്പെടും) അല്ലാഹുവിങ്കൽനിന്നും അവർക്ക് വന്ന അവരുടെ പ്രവാചകന്റെ ശരീഅത്തിലേക്ക്. അപ്പോൾ മൂസാ(അ)യുടെ സമുദായം മൂസാ ശരീഅത്തിലേക്ക്, ഈസാ(അ)യുടെ സമുദായം അപ്രകാരം ആ ശരീഅത്തിലേക്കും മുഹമ്മദ് നബി(സ്വ) യുടെ സമുദായം ആ ശരീഅത്തിലേക്കും. ഇതുപോലെ മറ്റുള്ളവരും. ഏതൊരു ശരീഅത്താണോ ഓരോരുത്തർക്കും ബാധ്യതയുള്ളത് അവർ അതിലേക്ക് ക്ഷണിക്കപ്പെടും. ഇതാണ് ഈ വചനത്തിന്റെ ഒരു വ്യാഖ്യാനം. അതാണ് ശരിയും. അതിൽ സംശയത്തിന് വകയില്ല.

ഈ വചനത്തിന്റെ മറ്റൊരു വ്യാഖ്യാനം (ഓരോ സമുദായവും അതിന്റെ രേഖയിലേക്ക് വിളിക്കപ്പെടും). കർമരേഖയിലേക്കും അതിൽ രേഖപ്പെടുത്തിയ നന്മതിന്മകളിലേക്കും. ഓരോരുത്തർക്കും സ്വന്തം പ്രവർത്തിച്ചതിന് പ്രതിഫലം നൽകപ്പെടും. അല്ലാഹു പറയുന്നു:

مَنْ عَمِلَ صَٰلِحًا فَلِنَفْسِهِۦ ۖ وَمَنْ أَسَآءَ فَعَلَيْهَا ۖ

“വല്ലവനും നല്ലത് പ്രവർത്തിച്ചാൽ അതിന്റെ ഗുണം അവനുതന്നെയാകുന്നു. വല്ലവനും തിന്മ ചെയ്താൽ അതിന്റെ ദോഷവും അവനുതന്നെ” (45:15). ഈ രണ്ട് വ്യാഖ്യാനങ്ങളും ഈ വചനത്തിന്റെ ആശയമായി പരിഗണിക്കാം.

29). ഈ വചനവും അറിയിക്കുന്നത് (ഇതാ നമ്മുടെ രേഖ. നിങ്ങൾക്കെതിരായി അത് സത്യം തുറന്നു പറയുന്നതാണ്). അതായത് നീതിയോടെ, ന്യായപ്രകാരം നിങ്ങൾക്കിടയിൽ തീർപ്പ് കൽപിക്കാൻ നിങ്ങളുടെ മേൽ നാം ഇറക്കിയ നമ്മുടെ ഗ്രന്ഥമിതാ. (തീർച്ചയായും നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം നാം എഴുതിക്കുന്നുണ്ടായിരുന്നു) ഇതാണ് കർമരേഖ. ■



# പൂവും മുള്ളും

സ്വലാഹുദ്ദീൻ ഇബ്ന സലീം
:94954 67259

റോസക്ക് മുള്ളുണ്ട്
നല്ല കുറച്ച് പൂവുകളും.
നമ്മളും അങ്ങനെ തന്നെ,
പൂവുണ്ട് അതുപോലെ മുള്ളും.
ആരെക്കണ്ടാലും അവരിലെ
മുള്ള് കാണുന്നവരുണ്ട്.
ആരെക്കണ്ടാലും അവരിലെ
പൂവ് കാണുന്നവരുണ്ട്.
നിങ്ങൾ ഏതിൽ പെടും?
ഈച്ചയെപ്പോലെ
ഓരോരുത്തരിലും
മാലിന്യം തിരയുന്നവർ,
തേനീച്ചപ്പോലെ തേനിനായി
പൂമ്പൊടി തിരയുന്നവർ...
നിങ്ങൾ ഏതിൽ പെടും ?
ആളുകളെ കാണുമ്പോൾ
അവരിലെ മുള്ള് കോറി
മുറിവാകാറുണ്ടോ?
ആളുകളെ കാണുമ്പോൾ
അവരിലെ പൂവു കണ്ട്
അത്ഭുതപ്പെടാറുണ്ടോ?
നാം തീരുമാനിക്കണം
ഏതാണ് വേണ്ടതെന്ന്.
ആളുകളുടെ ഗുണം കാണണോ?
ദോഷം മാത്രം പരതി
മനസ്സിനു മുറിവാക്കണോ?
മറ്റുള്ളവർക്ക് പൂവ് നൽകുന്ന
പൂന്തോട്ടമാവണോ?
മുൾക്കാടായി മാറി എല്ലാവർക്കും
പോറൽ വരുത്തണോ?
നന്മ കണ്ട് പുഞ്ചിരിതൂകാനും
തിന്മ കണ്ട് ചിരിക്കാതിരിക്കാനും
നമുക്കാവട്ടെ!




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 SEPTEMBER 10

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

# പുറത്തിറങ്ങി...

**60 രൂപയുടെ കൃതി ഇപ്പോൾ പകുതി വിലക്ക്**

- അടിസ്ഥാനം കാഴ്ച തന്നെ!
- കണക്കിനെ അവലംബിക്കാമോ?
- എല്ലാ മാസവും നോക്കേണ്ടതുണ്ടോ?
- സൗദിയെ അടിസ്ഥാനമാക്കാമോ?

കോപ്പികൾക്ക് ബന്ധപ്പെടുക. : 73567 66478

